**നം.കെ.എസ്.എ.പി.റ്റി.എ.പി8/100/2019** **തീയതി: 01.03.2019**

## പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**അയിരൂർ** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.06.2017 മുതൽ 15.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | ശ്രീ. ഹബീബ് മുഹമ്മദ് (ഹ.ഗ്രേ.), ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 16.01.19 മുതൽ 25.01.19 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | ശ്രീ. റ്റി. അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ. അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി അശ്വതി വി. നായർ, ഓഡിറ്റർ<br>ശ്രീ. ഹരികുമാർ എസ്., ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ തോമസ് തമ്പി | 01.04.2017മുതൽ 31.03.2018 വരെ |
| **സെക്രട്ടറി** | ശ്രീമതി അനിത ആർ. | 01.04.2016 മുതൽ 27.06.2017 വരെ |
| | ശ്രീ ബി. സജികുമാർ. | 28.06.2017 മുതൽ 20.01.2018വരെ |
| | ശ്രീ ഹരികുമാർ ബി. | 21.01.2018 മുതൽ 24.01.2018 വരെ |
| | ശ്രീ രാജൻ റ്റി. | 25.01.2018 മുതൽ 31.03.2018 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| **അസി. സെക്രട്ടറി** | |
| ശ്രീ ജോസ് ഈപ്പൻ | 01.04.2017 മുതൽ 02.08.2017വരെ |
| ശ്രീ ഹരികുമാർ ബി. | 03.08.2017 മുതൽ 31.03.2018 വരെ |
| **കൃഷി ഓഫീസർ** | |
| ശ്രീമതി സുനിത ആനി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |

| | |
|---|---|
| **മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)** | |
| ഡോ.ജ്യോതീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീമതി രാജവല്ലി | 01.04.2017 മുതൽ 31.03.2018 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. അജി വി. | 01.04.2017 മുതൽ 31.03.2018 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ. സൂസൻ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി ലതാകുമാരി പി ആർ | 01.04.2017 മുതൽ 25.11.2017 വരെ |
| ശ്രീമതി സാവിത്രി എ. | 26.11.2017 മുതൽ 31.03.2018 വരെ |
| **ഹെഡ്മിസ്ട്രസ്** | |
| ശ്രീമതി ഉഷാകുമാരി പി. | 01.04.2017 മുതൽ 26.05.2017 വരെ |
| ശ്രീമതി സി. ശ്യാമലത | 27.05.2017 മുതൽ 31.03.2018 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ബാലൻസ് ഷീറ്റ്- 2017-18
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം-1: പൊതു അവലോകനം** | |
| 1. | **ബഡ്ജറ്റ്** | **1-1** |
| 2. | **വാർഷിക ധനകാര്യപത്രിക** | **1-2** |
| 3. | **സാമ്പത്തിക വിശകലനം** | **1-3** |
| 4. | **ഫണ്ട് വിനിയോഗം** | **1-4** |
| 5. | **പദ്ധതി അവലോകനം** | **1-5** |
| 6. | **പദ്ധതി നിർവ്വഹണ വിവരങ്ങൾ** | **1-6** |
| 7. | **തനത് വരുമാനം** | **1-7** |
| 8. | **ക്ഷേമപദ്ധതികൾ** | **1-8** |
| 9. | **ക്യാഷ് വെരിഫിക്കേഷൻ** | **1-9** |
| 10. | **ദുരിതാശ്വാസ നിധി** | **1-10** |

| | | |
|---|---|---|
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | പ്രളയത്തിൽ നഷ്ടമായ വൗച്ചറുകളും, രേഖകളും | 1-12 |
| 13. | ആഭ്യന്തര നിയന്ത്രണം | 1-13 |
| | ഭാഗം-2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14. | പഞ്ചായത്തിന്റെ സാമ്പത്തിക നില മോശം സ്ഥിതിയിൽ | 2-1 |
| 15. | മൂന്നര വർഷം മുമ്പ് മുറിച്ചിട്ട തേക്കുമരം നാളിതുവരെയും ലേലം ചെയ്തില്ല | 2-2 |
| 16. | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 2-3 |
| 17. | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 |
| 18. | കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം | 2-5 |
| 19. | കെട്ടിട നിർമ്മാണ പെർമിറ്റ് - ഫീസ് ഈടാക്കിയതിൽ കുറവ് | 2-6 |
| 20. | ഭൂവികസന പെർമിറ്റുകൾക്ക് (ഖനനം, നികത്തൽ) റവന്യൂ, ജിയോളജി വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം ആവശ്യപ്പെടുന്നില്ല | 2-7 |
| 21. | ഭൗതിക പരിശോധന റിപ്പോർട്ടിലെ അവ്യക്തത – പഞ്ചായത്തിന് വരുമാന നഷ്ടം | 2-8 |
| 22. | കെട്ടിട നിർമ്മാണം - ചട്ടവിരുദ്ധമായി പെർമിറ്റ് നൽകി | 2-9 |
| 23. | അനുമതി പത്രമില്ലാതെ പെർമിറ്റ് നൽകി | 2-10 |
| 24. | ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കുന്നില്ല | 2-11 |
| | ഭാഗം-3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25. | പശ്ചാത്തല മേഖലയിലെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവച്ച് വ്യർത്ഥമായ പദ്ധതികൾ നടപ്പിലാക്കുന്നു | 3-1 |
| 26. | വെള്ളക്കര കുടിശ്ശിക പെരുകുന്നു - പഞ്ചായത്തിന് 0.65 കോടി രൂപയുടെ ബാദ്ധ്യത | 3-2 |
| 27. | നിർമ്മിതി കേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിച്ചു - സർക്കാർ ഉത്തരവിന് വിരുദ്ധം | 3-3 |
| 28. | സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കിയില്ല - പഞ്ചായത്തിന് 15.62 ലക്ഷം രൂപ നഷ്ടമായി | 3-4 |
| 29. | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-5 |
| 30. | കുറഞ്ഞ നിരക്കിലുള്ള കരാർ സ്വീകരിച്ചില്ല; പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-6 |

| | | |
|---|---|---|
| 31. | തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിതരണ വിവരം സൂക്ഷിച്ചിട്ടില്ല | 3-7 |
| 32. | ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച; സംരക്ഷണ ഗ്രാന്റ് വലിയ തോതിൽ ലാപ്സാക്കുന്നു | 3-8 |
| 33. | ഒ.ഡി.എഫ്. - റീംബേഴ്സ് ചെയ്ത് കിട്ടിയ തുകയുടെ വിനിയോഗ വിവരം സൂക്ഷിച്ചിട്ടില്ല | 3-9 |
| 34. | 68.43 ലക്ഷം രൂപ അടങ്കലുള്ള 38 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല | 3-10 |
| 35. | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 3-11 |
| 36. | മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല | 3-12 |
| 37. | നെൽകൃഷി വികസനത്തിന് പദ്ധതികൾ നടപ്പാക്കുന്നില്ല | 3-13 |
| 38. | കൈമാറികിട്ടിയ ഏക ആരോഗ്യ സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു | 3-14 |
| 39. | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-15 |
| 40. | സംയുക്ത പദ്ധതിയ്ക്കായി 2016-17-ൽ അനുവദിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു | 3-16 |
| 41. | കുടുംബശ്രീക്ക് ലഭിച്ച കാർഷികയന്ത്രോപകരണങ്ങൾ ഉപയോഗശൂന്യം | 3-17 |
| 42. | വി.ഇ.ഒ-യുടെ പേരിലുള്ള അക്കൗണ്ടിൽ 43651 രൂപ നിഷ്ക്രിയമായി കിടക്കുന്നു | 3-18 |
| 43. | ആശ്രയ അക്കൗണ്ടിൽ 23.45 ലക്ഷം രൂപ നിഷ്ക്രീയമായി കിടക്കുന്നു | 3-19 |
| 44. | നിർവ്വഹണഉദ്യോഗസ്ഥർ TR-7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 3-20 |
| 45. | കേരളോത്സവം 2017 – മുൻകൂർ തുക ക്രമീകരിച്ചില്ല | 3-21 |
| 46. | പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന മറ്റിനം ഫണ്ടുകൾ | 3-22 |
| 47. | ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചില്ല | 3-23 |
| 48. | ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമല്ല | 3-24 |
| | ഭാഗം 4: ഓഡിറ്റ് പ്രത്യവലോകനം | |
| 49. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 50. | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 51. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 52. | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 53. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 54. | **ഓഡിറ്റ് റിക്കവറി** | **4-6** |
| 55. | **സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം** | **4-7** |
| 56. | **ഓഡിറ്റ് പ്രത്യവലോകനം** | **4-8** |
| 57. | **തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ** | **4-9** |


# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 28/03/2017-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 4131195.85 | 8828580.00 | 4697384.15 | |
| വരവ് | 112469000.00 | 46825945.00 | | 65643055 |
| ആകെ | 116600195.85 | 55654525.00 | | 60945670.85 |
| ചെലവ് | 110691000.00 | 52816051.00 | | 57874949 |
| നീക്കിയിരിപ്പ് | 5909195.85 | 2838474.00 | | 3070721.85 |

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി 07/03/2018-ൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 18.05.2018 |

**<u>വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാതെ അവശേഷിക്കുന്നവ</u>**

1. ഷെഡ്യൂൾ ബി-4-ൽ 320100115, 320200322 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിലെ ബാലൻസുകൾ തെറ്റാണ്.
2. ഷെഡ്യൂൾ ബി-11-ൽ സ്ഥിരം ആസ്തികളുടെ ഡിപ്രിയേഷൻ കണക്കാക്കിയിട്ടുള്ളത് തെറ്റാണ്.
3. ഷെഡ്യൂൾ ബി-18-ൽ 460100199, 460509901 എന്നീ ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം രേഖപ്പെടുത്തിയ തുകകളുടെ കൃത്യത (യഥാക്രമം ₹38500, ₹107927) ബോദ്ധ്യപ്പെട്ടിട്ടില്ല.
4. ഷെഡ്യൂൾ ബി-18-ൽ 460500501 എന്ന ഹെഡിൽ രേഖപ്പെടുത്തിയ തുക വിവിധ പദ്ധതികൾക്ക് ചെലവായ തുകയാണ് (Revenue Expenditure). പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതില്ല.
5. ട്രഷറി TSB അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്താത്തത് കാരണം നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
6. ഷെഡ്യൂൾ ബി-9-ൽ Dues to Other Panchayats എന്ന ഹെഡിൽ രേഖപ്പെടുത്തിയ 3000 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2017-18 |
|---|---|
| മുന്നിരിപ്പ് | 8828580.00 |
| വരവ് | 46825945.00 |
| ആകെ | 55654525.00 |
| ചെലവ് | 52816051.00 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 2838474.00 |

## 1-4 ഫണ്ട് വിനിയോഗം - 2017-18

| ഫണ്ടിനം | മുൻ ബാലൻസ് | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | ആകെ | 2017-18 വർഷത്തെ ചെലവ് | അവശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 13499339 | 13499339 | 11297113 | 2202226 | 83.69 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 2360653 | 2360653 | 2030540 | 330113 | 86.02 |
| വികസന ഫണ്ട് - റ്റി.എസ്.പി | 0 | 46000 | 46000 | 45981 | 19 | 99.90 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7435400 | 7435400 | 4122260 | 3313140 | 55.44 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 10992772 | 10992772 | 6620074 | 4372698 | 60.22 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 4211991 | 4211991 | 1229307 | 2982684 | 29.19 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 187 | 51153225 | 137 | 0 | 29533353 | 50 | 73% |

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്കുകൾ | | നടപ്പാക്കിയ പ്രോജക്കുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 21 | 7552844 | 19 | 3380418 | 44.76 |
| സേവനം | 64 | 19872224 | 39 | 12958233 | 65.21 |
| പശ്ചാത്തലം | 102 | 23728157 | 79 | 13194702 | 55.61 |
| ആകെ | 187 | 51153225 | 137 | 29533353 | 57.74 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 23 | 9822357 | 5329544 | 54 |
| ഹെഡ്മിസ്ട്രസ് | 6 | 2 | 1402493 | 1192493 | 85 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 2677967 | 1897700 | 71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 54 | 21091853 | 10558369 | 50 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 21 | 6202667 | 4020108 | 65 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 6 | 5 | 1266386 | 935000 | 74 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 1 | 375000 | 115000 | 31 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 3151658 | 2451947 | 78 |
| കൃഷി ഓഫീസർ | 8 | 8 | 1875844 | 1042557 | 56 |
| വെറ്ററിനറി സർജൻ | 6 | 6 | 2787000 | 1528500 | 55 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 462135 | 92 |
| ആകെ | 187 | 137 | 51153225 | 29533353 | 58 |

**നിർബന്ധിത വകയിരുത്തലുകളും ചെലവും**

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 2575558 | 1649158 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 1835000 | 1376109 |
| പാലിയേറ്റിവ് കെയർ | 1121386 | 800000 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 480000 | 0 |
| യുവജന വികസന പദ്ധതി | 450000 | 244800 |

## 1-7 തനത് വരുമാനം - ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ജനറൽ പർപ്പസ് ഗ്രാന്റ് ഒഴികെ)

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം (2016-17) | തൻവർഷം (2017-18) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4062425 | 4393444 | 331019 | 8.15 |
| നികുതിയേതര വരവുകൾ | 709682 | 949096 | 239414 | 33.74 |
| മറ്റ് വരവുകൾ | 500 | 12151 | 11651 | 2330.2 |
| ആകെ | 4772607 | 5354691 | 582084 | 12.2 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 223 | 2635400 |
| വിധവാ പെൻഷൻ | 734 | 8829100 |
| വാർദ്ധക്യകാല പെൻഷൻ | 1883 | 25352500 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 265 | 2976700 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 31 | 349100 |
| തൊഴിൽ രഹിത വേതനം | 2 | 1200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019 2.00 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 33115 (മുപ്പത്തി മൂവായിരത്തി ഒരുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി 19.12.17-ന് ആരംഭിച്ചിട്ടുണ്ട്. അയിരൂർ വില്ലേജ് സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ചിട്ടുള്ള 3825 നമ്പർ അക്കൗണ്ടിൽ 2001 രൂപ നിക്ഷേപിച്ചാണ് അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത്. അക്കൗണ്ട് ആരംഭിച്ചതല്ലാതെ ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് ശേഖരിക്കുന്നതിനോ ദുരിതബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനോ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2019 മുതൽ 21.01.2019 വരെ | 11/18 മുതൽ 12/18 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2017 മുതൽ 06.12.2017 വരെ | 2013-14 മുതൽ 2017-18 വരെ | 25.01.2018 |

## 1-12 പ്രളയത്തിൽ നഷ്ടമായ വൗച്ചറുകളും, രേഖകളും

15.08.2018-ൽ ഉണ്ടായ പ്രളയത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സുപ്രധാനമായ രേഖകളും, രജിസ്റ്ററുകളും നഷ്ടമായിട്ടുണ്ട്. 2017-18 വാർഷിക ഓഡിറ്റുമായി ബന്ധപ്പെട്ട് പ്രസ്തുത രേഖകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നം. | നഷ്ടമായ രേഖകളുടെ വിവരം | ഉൾപ്പെട്ട തുക |
|---|---|---|
| 1 | **വൗച്ചറുകൾ** | |
| | ജൂലായ് 2017 | 4550451 |
| | ജനുവരി 2018 | 4337693 |
| | ഫെബ്രുവരി 2018 | 7212583 |
| | ഏപ്രിൽ 2018 | 1176866 |
| | മേയ് 2018 | 965120 |
| | ജൂൺ 2018 | 1340140 |
| 2 | **ഫയലുകൾ** | |
| | മാനവ മൈത്രി ചതയ ജലോത്സവം | 337521 |
| | കേരളോത്സവം 2017 | 32067 |
| | കോടതി വ്യവഹാരങ്ങളുടെ ഫയലുകൾ | |
| | തൊഴിൽനികുതി റിട്ടേണുകൾ | |
| | 2017-18, 2018-19 വർഷത്തെ പ്ലാൻ ജനറൽ ഫയൽ | |
| 3 | രജിസ്റ്ററുകൾ | |
| | വാടക രജിസ്റ്ററും, ഫയലുകളും | |
| | അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ | |
| | വിമുക്തഭടന്മാരുടെ വിവരം അടങ്ങിയ രജിസ്റ്റർ | |
| | തൊഴിൽ രഹിത വേതനം രജിസ്റ്ററുകൾ (1990-2009 | |

| | | |
|---|---|---|
| | കാലയളവ്) | |
| | ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ | |
| | സ്യൂട്ട് രജിസ്റ്റർ | |
| | വാഹന രജിസ്റ്റർ | |
| 4 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |
| | ടി.എസ്. രജിസ്റ്റർ | |
| | മസ്റ്റർ റോൾ രജിസ്റ്റർ | |
| | മസ്റ്റർ റോൾ ഇഷ്യൂ രജിസ്റ്റർ | |
| | ജോബ് കാർഡ് ആപ്ലിക്കേഷൻ രജിസ്റ്റർ | |
| | വർക്ക് ഫയലുകൾ 2016-17, 2017-18 | |
| | എം.ബുക്കുകൾ - 20 എണ്ണം | |

## 1-13 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

**വൗച്ചറുകളുടെ സൂക്ഷിപ്പ്:** ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയതിനുശേഷമല്ല ചെക്ക്/ബിൽ എഴുതിയിട്ടുള്ളത്. വർഷത്തെ വൗച്ചറുകൾ ഒന്നും തന്നെ പ്രസിഡന്റ് കൈയ്യൊപ്പിട്ട് ആധികാരികമാക്കിയിരുന്നില്ല. പ്രസിഡന്റിന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ പഞ്ചായത്ത് ഫണ്ടിൽനിന്നും പണം പിൻവലിക്കുന്നത് നിയമവിരുദ്ധമാണ്.

**രേഖകളുടെ സൂക്ഷിപ്പ്:** ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ, ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, സൗജന്യമായി/വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

**പേഴ്സണൽ രജിസ്റ്റർ**: സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. പേഴ്സണൽ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക അസാധ്യമാണ്.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സുഗമമായി നടത്തിയിട്ടുണ്ട്.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തിന്റെ സാമ്പത്തിക നില മോശം സ്ഥിതിയിൽ

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില മോശം സ്ഥിതിയിലാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 81.26 ലക്ഷം രൂപയാണ്.

| *ഷെഡ്യൂൾ* | *തനത് വരുമാനം* | *തുക* | *ഷെഡ്യൂൾ* | *ചെലവ്* | *തുക* |
|---|---|---|---|---|---|
| I-1 | Tax Revenue | 4393444 | *I-10(b)* | *Establishment Expenses* | *9977153* |
| I-4(b) | Fees User Charges | 652728 | I-11(b) | Administrative Expenses | 1824387 |
| I-5(b) | Sale Hire Charges | 257177 | I-12(b) | Operations Maintenance | 1670385 |
| I-8 | Interest Earned | 39191 | I-13 | Interest Finance Charges | 8763 |
| I-9 | Other Income | 12151 | | | |
| | **ആകെ** | 5354691 | | | 13480688 |

**മിച്ച ഫണ്ട് (5354691-13480688) : (-)8125997**

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമയി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 2-2 മൂന്നര വർഷം മുമ്പ് മുറിച്ചിട്ട തേക്കുമരം നാളിതുവരെയും ലേലം ചെയ്തില്ല

സ്കൂൾ കെട്ടിടത്തിനും കുട്ടികൾക്കും ഭീഷണിയായി അയിരൂർ ഗവ.എൽ.പി.എസ്. പരിസരത്ത് നിന്നിരുന്ന തേക്ക് മരം പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2015-ലെ തീരുമാനപ്രകാരമാണ് മുറിച്ചു മാറ്റിയത്. എന്നാൽ മരം മുറിച്ചുമാറ്റി നാളിതുവരെയായിട്ടും ആയത് ലേലം ചെയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 2016-17–ലെ ഓഡിറ്റിൽ പ്രസ്തുത വിഷയം ചൂണ്ടികാണിച്ചിരുന്നെങ്കിലും നാളിതുവരെ ലേല നടപടികൾ പൂർത്തിയാക്കാതെയിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വനം വകുപ്പ് 149557 രൂപ വില നിർണയിച്ചിട്ടുള്ള പ്രസ്തുത മരത്തടികൾ സ്കൂൾ പരിസരത്ത് കിടന്ന് അന്യാധീനപ്പെട്ടു പോകാൻ ഇടയാകാതെ അടിയന്തിരമായി ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതിയും സ്കൂൾ ഹെഡ്മിസ്ട്രസും സ്വീകരിക്കേണ്ടതാണ്. എതെങ്കിലും കാരണവശാൽ ടി മരം അന്യാധീനപ്പെട്ടുപോകാനിടയായാൽ, ലേലം ചെയ്യുന്നതിൽ വീഴ്ച്ച വരുത്തിയവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ ഓഡിറ്റ് സ്വീകരിക്കുന്നതായിരിക്കും.

## 2-3 തൊഴിൽനികുതി പിരിവിലെ അപാകതകൾ

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) <u>ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ്, അയിരൂർ | ഒന്നാം അർദ്ധവർഷം |
| 2 | ആർഷ ആയുർവ്വേദിക് മെഡിസിൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ഗുരുകൃപ ഫ്യൂവൽസ്, ചെറുകോൽപ്പുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | മർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോറ്റാത്തൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | പോസ്റ്റോഫീസ്, തടിയൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | മുളമൂട്ടിൽ ഫിനാൻസ്, ഇടത്രാമൺ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | മുളമൂട്ടിൽ ഫിനാൻസ്, ഇടപ്പാവൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | മയൂര ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | തീയാടിക്കൽ സോമിൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | എ&എൻ ഫർണ്ണീച്ചർ മാർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | മാരുതി എന്റർപ്രൈസസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | ഡി മാർട്ട് സൂപ്പർമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | നന്ദന ഇന്റർലോക്ക് ടൈൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | ഇസ്റ്റ്&വെസ്റ്റ് ഫർണ്ണീച്ചർ ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

(2) <u>സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | മുളമൂട്ടിൽ ഫിനാൻസ്, ഇടത്രാമൺ |
| 2 | മുളമൂട്ടിൽ ഫിനാൻസ്, ഇടപ്പാവൂർ |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം തൊഴിൽനികുതി പിരിവിലുണ്ടായ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22-01-2019) ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകി തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(3) <u>കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ശ്രീ എ. ജി. രാജ്മോഹൻ നായർ
2. ശ്രീ സാംകുട്ടി ജോൺ
3. ശ്രീ ബാലചന്ദ്രൻ നായർ എം വി
4. ശ്രീ ഹരിഹരൻ എം
5. ശ്രീ എം. കെ. ചന്ദ്രബോസ്
6. ശ്രീ റ്റി. ജി. ദിവാകരൻ നായർ
7. ശ്രീ സതീഷ് കുമാർ വി
8. ശ്രീ രവീന്ദ്രനാഥൻ നായർ
9. ശ്രീ കെ. ജെ. വിജയകുമാർ
10. ശ്രീ സുധീർ കെ.
11. ശ്രീ റ്റി. പ്രസാദ്
12. ശ്രീ കൊച്ചുമോൻ പി. ജെ.
13. ശ്രീ ജോൺസൺ മാത്യു
14. ശ്രീ അജു കെ. എ.
15. ശ്രീ ചന്ദ്രബാബു എം.
16. ശ്രീ മാത്യു ദേവസ്യ

മേൽപ്പറഞ്ഞ വ്യക്തികൾ സമീപ പഞ്ചായത്തുകളിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി വ്യക്തികളിൽനിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം

2016-17-ൽ പഞ്ചായത്ത് നൽകിയ ഡി.&ഒ. ലൈസൻസുകളുടെ എണ്ണം 177-ഉം ലൈസൻസ് ഫീസിനത്തിലെ വരവ് 82226-ഉം ആയിരുന്നു. 2017-18-ൽ ലൈസൻസുകളുടെ എണ്ണം 181–ആയും ലൈസൻസ് ഫീസിനത്തിലെ വരവ് 119350 ആയും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് നേടിയ സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിനനുസരിച്ച് ഈടാക്കുന്ന സ്ഥാപന തൊഴിൽ നികുതി 2016-17-ൽ ലഭിച്ച 291240 രൂപയിൽ നിന്നും 230750 ആയി 2017-18-ൽ കുറഞ്ഞിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | 2017-18 |
|---|---|---|---|
| തൻവർഷ വരവ് | 213650 | 234670 | 210490 |
| അഡ്വാൻസ് ആയി ലഭിച്ചത് | 9900 | - | - |
| മുൻ വർഷങ്ങളിലെ | 29050 | 56570 | 20260 |

| | |
|---|---|
| കുടിശ്ശിക | |
| ആകെ | 252600 291240 230750 |

ഈയിനത്തിൽ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ബന്ധപ്പെട്ട രജിസ്റ്ററുകളിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസുകളുടെ എണ്ണം വർദ്ധിച്ചിട്ടും സ്ഥാപന തൊഴിൽ നികുതിയിനത്തിൽ ഈടാക്കുന്ന തുകയിൽ കുറവ് വന്നത് നികുതി പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയാണ് കാണിക്കുന്നത്. നികുതി ഈടാക്കിയതിലെ കുറവ് സംബന്ധിച്ച് പരിശോധന നടത്തി കുറവു വന്ന നികുതി കുടിശ്ശികയിനത്തിൽ ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിനു മാത്രമായുള്ള 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണ്ണയിക്കുന്നതുമൂലം പഞ്ചായത്തിന് വലിയതോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>അടിസ്ഥാന വസ്തു നികുതി നിരക്ക് - വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ</u>

| | |
|---|---|
| 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ | 45 രൂപ |
| 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവ | 60 രൂപ |

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | കെട്ടിട നികുതി ഈടാക്കിയത് ലൈബ്രറി സെസ്സും സേവന നികുതിയും ഉൾപ്പെടെ (45/$m^2$ നിരക്കിൽ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് (60/ $m^2$ നിരക്കിൽ) | വരുമാന നഷ്ടം |
|---|---|---|---|---|---|---|---|
| ജോർജ് തോമസ് &റൂബി ജോർജ്ജ്, കക്കറുമ്പിൽ, തടിയൂർ | 367/A | 47.35 | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് - 20% | | 2941 | 3920 | 979 |
| | 367/B | 19.68 | “ | | 1224 | 1630 | 406 |
| | 367/C | 57.27 | “ | | 3558 | 4742 | 1184 |
| | 367/D | 171.26 | “ | | 14182 | 14182 | |
| | 367/E | 71.19 | “ | ബഹുനില വാണിജ്യ മന്ദിരം ഒന്നാം നില – 5% | 4202 | 5600 | 1398 |
| | 367/F | 110.35 | “ | “ | 8682 | 8682 | |
| | 367/G | 24.36 | “ | “ | 1440 | 1916 | 476 |
| | 367/H | 48.97 | “ | “ | 2891 | 3852 | 961 |
| | 367/I | 57.06 | “ | “ | 3368 | 4488 | 1120 |
| | 367/J | 52.06 | “ | “ | 3074 | 4095 | 1021 |
| ആകെ | | | | | 45562 | 53107 | 7545 |
| എബ്രഹാം, മാലേത്ത് വീട് , തടിയൂർ | 309/A | 36.4 | “ | | 2262 | 3014 | 752 |
| | 309/B | 36.4 | “ | | 2262 | 3014 | 752 |
| | 309/C | 36.4 | “ | | 2262 | 3014 | 752 |
| | 309/D | 36.4 | “ | | 2262 | 3014 | 752 |
| ആകെ | | | | | 9048 | 12056 | 3008 |
| പ്രസിഡന്റ്, എൻ.എസ്.എസ്. പ്രാദേശിക യൂണിയൻ, അയിരൂർ | 562/A | 35.78 | “ | | 2224 | 2963 | 739 |
| | 562/B | 35.78 | “ | | 2224 | 2963 | 739 |
| | 562/C | 35.78 | “ | | 2224 | 2963 | 739 |
| | 562/D | 35.78 | “ | | 2224 | 2963 | 739 |
| | 562/E | 35.78 | “ | | 2224 | 2963 | 739 |
| ആകെ | | | | | 11120 | 14815 | 3695 |
| സുനിൽകുമാർ, ആർടെക് ഹൈറ്റ്സ്, | 435/C | 88.19 | “ | | 5479 | 7302 | 1823 |
| | 435/D | 98 | “ | | 6087 | 8114 | 2027 |

| | | | | | | |
|---|---|---|---|---|---|---|
| കാഞ്ഞീറ്റുകര, തടിയൂർ | | | | | | |
| ആകെ | | | | 11566 | 15416 | 3850 |
| ആകെ വരുമാന നഷ്ടം | | | | | | 18098 |

100 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച എല്ലാ അസ്സസ്മെന്റുകളും പരിശോധിക്കേണ്ടതും കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച്, ഈടാക്കാൻ ബാക്കിയുള്ള തുകകൾ ഈടാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ് - ഫീസ് ഈടാക്കിയതിൽ കുറവ്

അയിരൂർ വില്ലേജ് ബ്ലോക്ക് നമ്പർ 2, റീ സർവ്വേ നം. 131/4-1–ലുള്ള ഭൂമിയിൽ നിന്നും 289m$^3$ മണ്ണ് നീക്കുന്നതിനും പാർപ്പിട, വാണിജ്യ ഗണത്തിൽപ്പെടുന്ന 172.11 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനും ശ്രീ റ്റിറ്റി എബ്രഹാം, ശ്രീ ടോണി ചെറിയാൻ എന്നിവർക്ക് 02.11.17-ൽ A5-3906/17 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 72.89 ച.മീ പാർപ്പിടാവശ്യത്തിനും 99.22 വാണിജ്യാവശ്യത്തിനുമുള്ളതാണ്. കച്ചവട ഗണത്തിൽപ്പെട്ട കെട്ടിട ഭാഗത്തിന് 7 രൂപ നിരക്കിലും പാർപ്പിടാവശ്യത്തിനുള്ള ഭാഗത്തിന് 5 രൂപ നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കുന്നതിനു പകരം മൊത്തം വിസ്തീർണ്ണത്തിനും 5 രൂപ നിരക്കിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. തൻമൂലം പെർമിറ്റ് ഫീസിനത്തിൽ 198 രൂപ കുറവുണ്ടായിട്ടുണ്ട്.

| കെട്ടിട ഭാഗത്തിന്റെ വിസ്തീർണ്ണം | ഉപയോഗ ഗണം | ഫീസ് ഈടാക്കിയത് | ഫീസ് ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|
| 99.22 | വാണിജ്യം | 496 | 695 |
| 72.89 | പാർപ്പിടം | 365 | 364 |
| ഭൂ വികസന പെർമിറ്റ് ഫീസ് | | 983 | 983 |
| അപേക്ഷ ഫീസ് | | 25 | 25 |
| ആകെ | | 1869 | 2067 |

ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.01.19, കുറവ് വന്ന തുക അപേക്ഷകനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഭൂവികസന പെർമിറ്റുകൾക്ക് (ഖനനം, നികത്തൽ) റവന്യൂ, ജിയോളജി വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം ആവശ്യപ്പെടുന്നില്ല

ഭൂമിയുടെ ഖനനം, നികത്തൽ, വീണ്ടെടുക്കൽ, എന്നിവയുടെ സംഗതിയിൽ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ആവശ്യമായ അനുമതിപത്രം വാങ്ങി സമർപ്പിക്കണമെന്ന കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 6(1)-ലെ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഖനനം, നികത്തൽ എന്നിവയ്ക്കുള്ള ഭൂവികസന പെർമിറ്റുകൾ നൽകിയിരിക്കുന്നത് റവന്യൂ, ജിയോളജി വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം ഇല്ലാതെയാണ്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.01.19), അനുമതി പത്രം ആവശ്യപ്പെടാറുണ്ടെന്നും എന്നാൽ ഭൂവികസന പെർമിറ്റ് ഹാജരാക്കിയാൽ മാത്രമേ വകുപ്പുകളിൽ നിന്നും അനുമതിപത്രം ലഭിക്കുകയുള്ളൂ എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിൽ നിന്നും നല്കുന്ന വികസന പെർമിറ്റുകൾ ദുരുപയോഗം ചെയ്യുന്ന ധാരാളം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പഞ്ചായത്തിൽ നിന്നും വികസന പെർമിറ്റ് ലഭിക്കുന്നവർ റവന്യൂ, മൈനിംഗ് & ജിയോളജി വകുപ്പുകളുടെ അനുമതികളൊന്നും വാങ്ങാതെ ഖനനം/നികത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് പാരിസ്ഥിതികമായ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഖനനം, നികത്തൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രാഥമിക പരിശോധനയും അനുമതിയും നൽകേണ്ടത് റവന്യൂ, മൈനിംഗ് & ജിയോളജി വകുപ്പുകളായതിനാൽ പ്രസ്തുത വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രത്തിന്റ അടിസ്ഥാനത്തിൽ ഭൂമി വികസന പെർമിറ്റുകൾ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഭൗതിക പരിശോധന റിപ്പോർട്ടിലെ അവ്യക്തത – പഞ്ചായത്തിന് വരുമാന നഷ്ടം

അയിരൂർ വില്ലേജ് ബ്ലോക്ക് നമ്പർ 2, റീ സർവ്വേ നം.256/9–ലുള്ള ഭൂമിയിൽ 328.80 ച. മീറ്ററിൽ നിന്നും 920m$^3$ മണ്ണ് നീക്കുന്നതിന് ശ്രീ.നിബു മാത്യു, ശ്രീ. ജോസ് ജോസഫ് എന്നിവർ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 328.80 ച.മീറ്ററിൽനിന്നും 920m$^3$ മണ്ണ് നീക്കുന്നതിന് 1645 രൂപ ഫീസ് ഈടാക്കി 09.01.18-ൽ A5-BA(10192)/2018 നമ്പരായി ഡവലപ്പ്മെന്റ് പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷയിൽ ഭൗതിക പരിശോധന നടത്തിയ അസി.എഞ്ചിനീയർ 4.158 ആർ ഭൂമിയിൽ നിന്നും 878.98 ക്യു.മീ മണ്ണ് നീക്കം ചെയ്യാനുള്ളതായാണ് റിപ്പോർട്ട് ചെയ്തിരുന്നത്. അപ്രകാരമായിരുന്നെങ്കിൽ 2079 രൂപ (4.158x500) പെർമിറ്റ് ഫീസിനത്തിൽ പഞ്ചായത്തിനു ലഭിക്കുമായിരുന്നു. അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിക്കാതെ പെർമിറ്റ് നൽകിയതു മൂലം പഞ്ചായത്തിന് 434 രൂപ വരുമാന നഷ്ടമുണ്ടാകുകയും 42m$^3$ മണ്ണ് അനാവശ്യമായി നീക്കപ്പെടാൻ ഇടയാകുകയും ചെയ്തു.

ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.01.19), ഭൗതിക പരിശോധന റിപ്പോർട്ടിനനുസരിച്ച് അസി.എഞ്ചിനീയർ സങ്കേതം സോഫ്റ്റ്‌വെയറിൽ അപേക്ഷ റിജക്ട് ചെയ്യുകയോ പ്ലാൻ പുതുക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയോ ചെയ്തില്ലായെന്നും അപേക്ഷകൻ സമർപ്പിച്ച പ്ലാൻ അപ്രൂവ് ചെയ്ത് നൽകിയിരുന്നതായും ആയതു കൊണ്ടാണ് അപ്രകാരം സംഭവിക്കാൻ ഇടയായതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതിക പരിശോധന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച്ച വരുത്തിയ അസി. എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പെർമിറ്റ് പുതുക്കി നൽകി ഫീസിനത്തിൽ കുറവ് വന്ന തുക അപേക്ഷകനിൽ നിന്നും ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 കെട്ടിടനിർമ്മാണം - ചട്ടവിരുദ്ധമായി പെർമിറ്റ് നൽകി

അയിരൂർ വില്ലേജ് ബ്ലോക്ക് നമ്പർ.1, റീ സർവ്വേ നം. 458/10-3, 458/10-1–ലുള്ള 0.75 ആർ ഭൂമിയിൽ 50.64 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.സുരേഷ് കുമാർ, ശ്രീമതി.സുമാകുമാരി എന്നിവർക്ക് 14.02.2018-ൽ A5-BA(58944)/2018 നമ്പരായി

പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ, എൽ.എസ്.ജി.ഡി ഓവർസിയറുടെ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ പിന്നാമ്പുറത്തിന്റെ വ്യാപ്തി ഒരു അറ്റത്ത് 0.65 മീറ്ററും മറ്റേ അറ്റത്ത് 0.80 മീറ്ററും ശരാശരി 0.725 മീറ്ററുമാണ്. എന്നാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 64(4) പ്രകാരം പിന്നാമ്പുറത്തിന് ഏറ്റവും ചുരുങ്ങിയത് 0.50 മീറ്ററോടുകൂടിയ ശരാശരി 1 മീറ്റർ വ്യാപ്തി ഉണ്ടാകേണ്ടതാണ്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ((നം.16/23.01.19) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങൾ പാലിക്കാത്ത കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുവാൻ ശുപാർശ ചെയ്ത അസി.എഞ്ചിനീയർ, സാങ്കേതിക പരിശോധന നടത്തിയ ഓവർസീയർ എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-10 അനുമതി പത്രമില്ലാതെ പെർമിറ്റ് നൽകി

അയിരൂർ വില്ലേജ് ബ്ലോക്ക് നമ്പർ 3, റീ സർവ്വേ നം. 86/5-3 -ലുള്ള 4.20 അർ ഭുമിയിൽ 43.1 ച.മീ. വിസ്തീർണ്ണമുള്ള വ്യവസായിക (ജി.1) കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ എ.കെ. വാസുദേവൻ നായർക്ക് 06.03.2018-ൽ A5-BA(58989)/2018 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് അപേക്ഷയോടൊപ്പം അഗ്നിരക്ഷാവകുപ്പിൽ നിന്നുള്ള അംഗീകാര സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 59(11.a) പ്രകാരം, വ്യവസായിക കെട്ടിടഗണത്തിൽ വരുന്നവയ്ക്ക് കെട്ടിട പെർമിറ്റ് നൽകുന്നതിന് മുമ്പ് അഗ്നിശമന ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയ ഓഫീസറിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ((നം.16/23.01.19), ചെറുകിട വ്യവസായത്തിനുള്ള 43.1 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടമായതിനാലും , അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ റിപ്പോർട്ടിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും NOC ആവശ്യമാണെന്ന് പറഞ്ഞിട്ടില്ലാത്തതിനാലുമാണ് പെർമിറ്റ് അനുവദിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല.

ചട്ടങ്ങൾ പാലിക്കാതെ സമർപ്പിച്ച അപേക്ഷയിൻമേൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുവാൻ ശുപാർശ ചെയ്ത അസി.എഞ്ചിനീയർ, പെർമിറ്റ് നൽകിയ സെക്രട്ടറി എന്നിവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-11 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആട് ഫാമുകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല. ചട്ടം 3 പ്രകാരം 20 എണ്ണത്തിൽ കൂടുതൽ ആടുകളെ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. മൃഗാശുപത്രിയിൽ നിന്നുമുള്ള വിവരങ്ങൾ പ്രകാരം ഇത്തരത്തിലുള്ള 2 ഫാമുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല. ഈ ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 പശ്ചാത്തല മേഖലയിലെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവച്ച് വ്യർത്ഥമായ പദ്ധതികൾ നടപ്പിലാക്കുന്നു

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്റ്റുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന തെറ്റായ പ്രവണത ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്റ്റുകളാണ് അവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം റോഡ് നിർമ്മാണത്തിനായി 57 പുതിയ പ്രോജക്റ്റുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 5 ലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്ന ഒരു പ്രോജക്റ്റുപോലും ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം പ്രോജക്റ്റുകളും 2 ലക്ഷത്തിൽ താഴെ അടങ്കലുള്ളതും ശരാശരി 50 മീറ്ററിൽ താഴെ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളതുമായിരുന്നു. ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്റ്റുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവായി.

ഓഡിറ്റ് വർഷം സ്പിൽ ഓവർ ഉൾപ്പടെ 187 പ്രോജക്റ്റുകളാണ് ആവിഷ്കരിച്ചത്. ഇവയിൽ 127 പ്രോജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കുകയിട്ടുള്ളത്. പ്രോജക്റ്റുകളുടെ എണ്ണക്കൂടുതൽ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയേയും, ഫലപ്രാപ്തിയേയും ഇല്ലാതാക്കുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തയ്യാറാക്കേണ്ടതാണ്.

## 3-2 വെള്ളക്കര കുടിശ്ശിക പെരുകുന്നു - പഞ്ചായത്തിന് 0.65 കോടി രൂപയുടെ ബാദ്ധ്യത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012 ലെ സ.ഉ(സാ).1583/12/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക ഉണ്ടാകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുവരുത്താതെ വൻതുക കുടിശ്ശികയാക്കിയിട്ടുണ്ട്. 2019 ജനുവരി മാസംവരെയുള്ള വെള്ളക്കരം കുടിശ്ശിക 6550869 രൂപയാണ്. കുടിശ്ശിക തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം നിരക്കിലാണ് പിഴപലിശ ഈടാക്കുന്നത്. 2019 ജനുവരിയിൽ പിഴപലിശ മാത്രം 124028 രൂപയാണ്. പിഴപലിശ ഇനത്തിൽ പഞ്ചായത്തിന്റെ പ്രതിമാസ ബാദ്ധ്യത നിലവിലുള്ള 242 പൊതു ടാപ്പുകളുടെ വെള്ളക്കരത്തേക്കാൾ അധികമാണ്.

242 പൊതു ടാപ്പുകൾക്ക് പ്രതിമാസം 105875 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കുവരുത്തുന്നത്. മുൻകാല കുടിശ്ശിക തീർപ്പാക്കാതെ കറന്റ് ഡിമാന്റ് തുക മാത്രം ഒടുക്കുന്നതിനാൽ കുടിശ്ശിക തുക പലിശയും, കൂട്ടുപലിശയുമായി ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ പഞ്ചായത്തിന് വലിയ ബാദ്ധ്യതയായി പരിണമിച്ചിരിക്കുന്നു. കുടിശ്ശിക തീർക്കുന്നതിനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മതിയായ തനത് ഫണ്ടിന്റെ അഭാവത്തിൽ

മെയിന്റനൻസ് ഗ്രാന്റ് കുടിവെള്ളക്കരം ഒടുക്കുന്നതിന് വിനിയോഗിക്കാമെന്നിരിക്കെ ആയതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിലുള്ള തുകയിൽ 50 ശതമാനം പോലും ചെലവഴിക്കാതെ ഫണ്ട് ലാപ്സാക്കുമ്പോഴാണ് ഈ അവസ്ഥ.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കി ഉപയോഗിക്കുന്ന ജലത്തിനു മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് അനുസരിച്ച് വെള്ളക്കരം ഒടുക്കുന്നത് അഭിലഷണീയമായ നടപടിയല്ല.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതയില്ലാത്തവരിൽനിന്ന് മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.2013 – പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് പരിമിതമായ തനതു വരുമാനം മാത്രമുള്ള ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും. കൂടാതെ നിലവിലുള്ള വെള്ളക്കര കുടിശ്ശികയുടെ പിഴപലിശ ഒഴിവാക്കി ലഭിക്കുന്നതിനുള്ള ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും, കുടിശ്ശിക എത്രയും വേഗം നിവാരണം ചെയ്ത് പഞ്ചായത്തിന്റെ വർദ്ധിച്ചുവരുന്ന ബാദ്ധ്യത തീർപ്പാക്കുന്നതിനും സത്വരനടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-3 നിർമ്മിതി കേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധം

അയിരൂർ ഗ്രാമപഞ്ചായത്തിനെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 2017-18 വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് അടിസ്ഥാന സൗകര്യ മെച്ചപ്പെടുത്തൽ എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തിരം പ്രവൃത്തി നടത്തുന്നതിന് ഉദ്ദേശിച്ചാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയിത്. നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 5175000 രൂപയുടെ എസ്റ്റിമേറ്റിനും, പ്ലാനും ഗ്രാമപഞ്ചായത്ത് കമ്മിറ്റ് അംഗീകരിക്കുകയും 27.02.18-ൽ ജില്ലാ ആസൂത്രണസമിതി പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. അംഗീകരിച്ച പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സിവിൾ വർക്ക് | 1920725.00 |
| 2. | പാർട്ടീഷൻ വർക്ക്, ഫർണിഷിംഗ് വർക്ക് & നെറ്റ് വർക്കിംഗ് സിസ്റ്റം | 2857230.30 |
| 3. | പുതിയ ടോയ് ലറ്റിന് സാനിട്ടറി & പ്ലംബിംഗ് വർക്ക് | 13712.00 |
| | ആകെ | 4791667.30 |
| | ജി.എസ്.ടി. പ്രോവിഷൻ (8%) | 383333.38 |
| | **ആകെ മൊത്തം** | **5175000.68** |

നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 51.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുള്ളത് എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രോജക്ട് എഞ്ചിനീയറും, ടിയാളുടെ കീഴിൽ വരുന്ന മറ്റ് മൂന്ന് എഞ്ചിനീയർമാരും ചേർന്നാണ്. 2017-18 വാർഷിക പദ്ധതിയിൽ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 13,45,915 രൂപയും, തനത് ഫണ്ടിൽനിന്നും 16,54,085 രൂപയും ഉൾപ്പടെ ആകെ 30,00,000 രൂപയായിരുന്നു പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നത്. ഇതിൽനിന്നും ആകെ അടങ്കലിന്റെ 20% തുകയായ 1035000 രൂപ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മുൻകൂറായി നൽകി.

നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ഈ പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുള്ളത്. ജി.ഒ.(ആർ.റ്റി)244/13/ത.സ്വ.ഭ.വ, തീയതി 30.1.2013 നമ്പർ ഉത്തരവ് പ്രകാരം നിർമ്മിതികേന്ദ്രത്തിന്റെ തനതായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമേ അവരെ ഏൽപ്പിക്കാൻ പാടുള്ളൂ. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികളുടെ സേവനം തേടുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 30.3.13-ലെ സ.ഉ.(എം.എസ്)133/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പി.ഡബ്ല്യു.ഡി. ഡാറ്റ പ്രകാരവും, ലോ കോസ്റ്റ് ടെക്നോളജി പ്രകാരവും എസ്റ്റിമേറ്റുകൾ തയ്യാറാക്കി താരതമ്യം ചെയ്ത് ചെലവ് കുറവാണെങ്കിൽ മാത്രമേ അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏൽപ്പിക്കാവൂ. ഈ പ്രവൃത്തിയുടെ കാര്യത്തിൽ ലോ കോസ്റ്റ് ടെക്നോളജി പ്രകാരമുള്ള എസ്റ്റിമേറ്റല്ല മറിച്ച് പി.ഡബ്ല്യു.ഡി. ഡാറ്റ പ്രകാരം പ്രൈസ് സോഫ്റ്റവെയർ മുഖാന്തിരമാണ് നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

മാത്രവുമല്ല, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വർക്ക് സൂപ്പർവൈസ് ചെയ്യുന്നതിനും ക്ഷമതയുള്ള എഞ്ചിനീയർമാരുടെ സേവനം ജില്ലാ നിർമ്മിതികേന്ദ്രത്തിൽ ലഭ്യവുമല്ല. മാത്രവുമല്ല പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, സാങ്കേതികാനുമതി നൽകുന്നതും, പ്രവൃത്തിയുടെ നിർവ്വഹണവും, മേൽനോട്ടവും, അളവ് രേഖപ്പെടുത്തലും, ചെക്ക് മെഷർമെന്റ് എടുക്കുന്നതുൾപ്പടെയുള്ള പ്രവർത്തനങ്ങൾ ഒരേ ആളുകൾതന്നെ നടത്തുന്നത് പദ്ധതി പ്രോജക്ട് നിർവ്വഹണത്തിന്റെ സുതാര്യതയെ ഇല്ലാതാക്കുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് ശക്തമായ എഞ്ചിനീയറിംഗ് വിഭാഗമുള്ള സാഹചര്യത്തിൽ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പാലിച്ച് ടെണ്ടർ നടപടികളിലൂടെ പ്രവൃത്തി നടത്തേണ്ടതിനു പകരം യാതൊരു മാനദണ്ഡവും പാലിക്കാതെ നിർമ്മിതികേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിച്ചത് ക്രമവിരുദ്ധമാണ്. അപാകത ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ഭരണതല നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല – പഞ്ചായത്തിന് 15.62 ലക്ഷം രൂപ നഷ്ടമായി

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു സ്പിൽഓവർ പ്രോജക്ട്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 2016-17 വർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ

അംഗീകാരത്തോടെ പുതുതായി ഏറ്റെടുത്ത പ്രോജക്ടുകളിൽ 2017 മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാക്കാതെ 2017-18-ൽ സ്പിൽ ഓവറായി തുടർന്ന ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികൾ തൻവർഷം പൂർത്തിയാക്കി ഫൈനൽബിൽ നൽകിയിട്ടില്ല. ഇക്കാരണത്താൽ ഈ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ലഭിക്കുമായിരുന്ന ക്യാരിഓവർ വിഹിതം പഞ്ചായത്തിന് നഷ്ടമായി.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 24 | അശ്വതി വിലങ്ങുപാറ റോഡ് റീടാറിംഗ് | 763940 |
| 2 | 26 | തോട്ടപ്പുറത്ത്പടി നാല് സെന്റ് കോളനി റോഡ് റീടാറിംഗ് | 210500 |
| 3 | 28 | എ.ഇ., വി.ഇ.ഒ. ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 28622 |
| 4 | 29 | കൃഷിഭവൻ ഷെഡ് മെയിന്റനൻസ് | 19917 |
| 5 | 30 | ഐ.എച്ച്.ഡി.പി. കോളനി റ്റി.വി. സെന്റർ അറ്റകുറ്റപ്പണി | 120386 |
| 6 | 31 | ശാരദാവിലാസം എൽ.പി.എസ്. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 65127 |
| 7 | 32 | ഗവ.എൽ.പി.എസ്. തടിയൂർ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ | 30788 |
| 8 | 33 | ഇടപ്പാവൂർ സാംസ്കാരിക നിലയം അറ്റകുറ്റപ്പണി | 12951 |
| 9 | 38 | പുതിയകാവ് പൊതുകിണർ പുനരുദ്ധാരണം | 50000 |
| 10 | 39 | തടത്തേമുക്ക് - വട്ടപ്പാറ റോഡ് റീടാറിംഗ് | 260000 |
| | | ആകെ | 1562231 |

ടി പ്രോജക്ടുകൾക്ക് എഗ്രിമെന്റ് വെച്ച തീയതി, കരാറുകാരന്റെ പേര്, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവറായ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ ഫണ്ട് ലാപ്സാക്കിയത് ശ്രദ്ധയിൽപ്പെടുത്തുന്നു. വീഴ്ചവരുത്തിയതിന് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-5 റോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

റോഡ് മെയിന്റൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികൾ സംബന്ധിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറികിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തതിനുശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത് (സർക്കുലർ നം.68228/എഫ്.എം.1/2012/തസ്വഭവ, തീ.28.11.12). ഓഡിറ്റ് വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും തുക വകയിരുത്തി റോഡുകൾ പുതുതായി കോൺക്രീറ്റിംഗ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം., തീ. |
|---|---|---|---|---|
| 1 | 63/18 | കരുണപ്പടി എഴുമറ്റൂർ റോഡ് കോൺക്രീറ്റ് | 99341 | 30/17-18, 16.02.18 |
| 2 | 73/18 | പാലക്കുഴി ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 61959 | 31/17-18, 16.02.18 |
| 3 | 78/18 | ദേവീക്ഷേത്രം കോണ്ടൂർപടി റോഡ് കോൺക്രീറ്റിംഗ് | 128776 | 40/17-18, 16.02.18 |
| 4 | 79/18 | കുഴിക്കാട് ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റ് | 206230 | 33/17-18, 16.02.18 |
| 5 | 85/18 | കണിയാൻപടി അഞ്ചുമരുതി ചുട്ടിപ്പാറ റോഡ് കോൺക്രീറ്റ് | 99341 | 38/17-18, 16.02.18 |
| 6 | 92/18 | പൊടിപ്പാറ ഹെൽത്ത്സെന്റർ റോഡ് കോൺക്രീറ്റിംഗ് | 163825 | 24/17-18, 20.01.18 |
| 7 | 94/18 | വണ്ടനാലിൽപ്പടി - കരിംപ്ലാനിൽപ്പടി നടപ്പാത കോൺക്രീറ്റിംഗ് | 100000 | 19/17-18, 20.01.18 |
| 8 | 103/18 | സി.എസ്.ഐ. പള്ളിപ്പടി കോട്ടയ്ക്കൽപടി റോഡ് കോൺക്രീറ്റിംഗ് | 177511 | 37/17-18, 16.02.18 |
| 9 | 105/18 | വില്ലോത്ത്മുക്ക് - കോഞ്ഞോൺപ്പടി റോഡ് കോൺക്രീറ്റിംഗ് | 197880 | 26/17-18, 20.01.18 |
| 10 | 110/18 | ചെമ്പോത്തുരുത്തിൽ മേലേതിൽ മേമ്മുറി റോഡ് കോൺക്രീറ്റിംഗ് | 327929 | 32/17-18, 16.02.18 |
| 11 | 114/18 | പുളിക്കത്തറ റോഡ് കോൺക്രീറ്റിംഗ് | 242752 | 43/17-18, 16.02.18 |
| 12 | 116/18 | പരുവേലിക്കുഴി റോഡ് കോൺക്രീറ്റിംഗ് | 88413 | |
| 13 | 135/18 | കല്ലുവരപറമ്പിൽപടി - പിന്തിരിക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 173442 | 34/17-18, 16.02.18 |
| 14 | 137/18 | മലയാറ്റ്പടി കനാൽ റോഡ് കോൺക്രീറ്റിംഗ് | 168725 | 15/17-18, 20.01.18 |
| 15 | 138/18 | വാനേത്ത്പടി - ഏണാട്ടേത്ത്പടി റോഡ് കോൺക്രീറ്റിംഗ് | 165967 | 16/17-18, 20.01.18 |

| | | | | |
|---|---|---|---|---|
| 16 | 141/18 | മനപ്പുറകുന്നിൽ കുറ്റിക്കാട്ട് റോഡും ജ്ഞാനാന്ദാശ്രമം റോഡ് കോൺക്രീറ്റിംഗ് | 98257 | 39/17-18, 16.02.18 |
| 17 | 144/18 | മുണ്ടോങ്കര റോഡ് കോൺക്രീറ്റിംഗ് | 107765 | 44/17-18, 16.02.18 |
| 18 | 149/18 | കൈപ്പിലാലിൽപ്പടി വട്ടോലിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 108838 | 45/17-18, 21.02.18 |
| 19 | 150/18 | പുതിയത്ത്പടി മാന്നാക്കുഴി റോഡ് കോൺക്രീറ്റിംഗ് | 343059 | 20/17-18, 20.01.18 |
| 20 | 152/18 | കൊക്കാവള്ളിപടി ആശാൻ റോഡ് കോൺക്രീറ്റിംഗ് | 73170 | 27/17-18, 20.01.18 |
| 21 | 205/18 | പരുവേലിക്കുഴി റോഡ് കോൺക്രീറ്റിംഗ് | 54158 | 62/17-18, 31.03.18 |
| | | ആകെ | 3187338 | |

മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിന് ചെലവഴിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തിട്ടുള്ളതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം. 13/22.01.19 ) ആവശ്യപ്പെട്ടങ്കിലും ബന്ധപ്പെട്ടവർ വിവരം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്ക് ചെലവഴിച്ച 3187338 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കുറഞ്ഞ നിരക്കിലുള്ള കരാർ സ്വീകരിച്ചില്ല; പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 87/18 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽനിന്നും 100000 രൂപ അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയ പദ്ധതിയാണ് ചിരട്ടോലിത്തടം നടപ്പാത കോൺക്രീറ്റിംഗ്. ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ശ്രീ ബാലചന്ദ്രൻ നായർ എന്ന കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നടത്തുന്നതിനാണ് കരാർ നൽകിയിരിക്കുന്നത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 98266 രൂപയുടെ പ്രവൃത്തി നടത്തി. ആദായനികുതി (1%), തൊഴിലാളി ക്ഷേമനിധി വിഹിതം (1%) ഇനങ്ങളിൽ 983 വീതം തുക കുറവ് ചെയ്ത ശേഷം കരാറുകാരന് 96300 രൂപ പ്രതിഫലം നൽകിയിട്ടുണ്ട് (ബിൽ നം.47/17-18/16.03.18). ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

16.08.17-ലാണ് പ്രവൃത്തിയുടെ ടെണ്ടർ നടത്തിയിരിക്കുന്നത്. പ്രോജക്ട് ഫയലിൽ പ്രസ്തുത തീയതിയിൽ ലഭിച്ച രണ്ട് ടെണ്ടറുകളാണ് സൂക്ഷിച്ചിട്ടുള്ളത്. ടെണ്ടറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ശ്രീ സാംകുട്ടി ജോൺ, പുത്തൻവീട് കണ്ടത്തിൽ | 13.9% കുറവ് |
| 2 | ശ്രീ കെ.പി. സുരേഷ്, കിഴക്കേതിൽ | 2% കൂടുതൽ |

ഫയൽ പരിശോധിച്ചതിൽ ശ്രീ ബാലചന്ദ്രൻ നായർ ടെണ്ടറിൽ പങ്കെടുത്തതിന്റെ രേഖകൾ ഒന്നും തന്നെ കാണാൻ സാധിച്ചിട്ടില്ല. 13.9% കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ സാംകുട്ടി ജോൺ എന്ന വ്യക്തിക്ക് കരാർ നൽകാതെ ടെണ്ടറിൽ പങ്കെടുക്കാത്ത ശ്രീ ബാലചന്ദ്രൻ നായർക്ക് എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തിയുടെ കരാർ നൽകിയതായാണ് കണ്ടത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് ടെണ്ടറിൽ പങ്കെടുക്കാത്ത വ്യക്തിക്ക് കരാർ നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/23.01.19) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കായിട്ടില്ല. ഈ റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനകം അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് പ്രവൃത്തിയുടെ കരാർ നൽകാതിരുന്നതുമൂലമുള്ള നഷ്ടം 13659 രൂപ (98266x13.9/100) ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നു. ഈ റിപ്പോർട്ട് കിട്ടി 60 ദിവസത്തിനകം അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം മേൽപറഞ്ഞ പ്രകാരം നിർണ്ണിയിച്ച നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 3-7 തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിതരണ വിവരം സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് വർഷം വിവിധ പ്രോജക്ടുകളുടെ ഭാഗമായി ചുവടെ ചേർക്കും പ്രകാരം 742381 രൂപയുടെ തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വാങ്ങിയ സാമഗ്രികൾ | ചെലവ് തുക | സാധനം സപ്ലൈ ചെയ്ത സ്ഥാനത്തിന്റെ പേര്, ബിൽ നം. |
|---|---|---|---|---|---|
| 1 | 95/18 | ശബരിമല തീർത്ഥാടനം - അനുബന്ധ സൗകര്യം ഒരുക്കൽ | 1. LED 14W – 50 nos. (@179)<br>2. LED STREET LIGHT 24W – 30 nos. (@2080)<br>3. Crompton Single Tube Set – 116 nos. (@1513) | 246858 | തമ്പുരാൻ കാലായിൽ ട്രെയ്ഡ് ലിങ്ക്സ്, നാരങ്ങാനം<br>ഇൻവോയ്സ് നം.1749/ 26.02.18<br>(ചെക്ക് നം.2286704/ 29.03.18) |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | 128/18 | 3,4,13,16 വാർഡുകളിലേക്ക് LED സെറ്റ് വാങ്ങൽ | 1. 30W LED Street Light – 242 nos. (@1316)<br><br>2. Clamp – 242 nos. (@130) | 349900 | മാന്നാകുഴിയിൽ ലബോറട്ടറീസ്, തടിയൂർ<br><br>ബിൽ നം.<br><br>ഇൻവോയ്സ് നം. 2/ 29.12.17 & 3/16.01.18<br><br>(ട്രഷറി ബിൽ നം.215/ 27.02.18) |
| 3 | 82/18 | തെരുവ് വിളക്ക് പരിപാലനത്തിന് സ്ഥിരം സംവിധാനം | 1. സ്പെയർ പാർട്ട്സ് - 8 Items (₹145623) | 145623 | തമ്പുരാൻ കാലായിൽ ട്രെയ്സ് ലിങ്ക്സ്, നാരങ്ങാനം<br><br>ഇൻവോയ്സ് നം.1777/ 27.02.18<br><br>(ട്രഷറി ബിൽ നം.229/ 02.03.18) |
| | | | ആകെ | 742381 | |

മേൽ കാണിച്ചിരിക്കുന്ന പദ്ധതികൾ പ്രകാരം 388 പുതിയ തെരുവ് വിളക്ക് യുണിറ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ പോസ്റ്റുകളിൽ സ്ഥാപിച്ച് പ്രകാശിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട ഫയലിൽ ഇല്ല. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് കെ.എസ്.ഇ.ബി. അധികൃതരോ, വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്കിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തകയോ ചെയ്തിട്ടില്ല. തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ കേടായ ഉപകരണങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസീൽ ചെയ്യുന്നുവെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച; സംരക്ഷണ ഗ്രാന്റ് വലിയ തോതിൽ ലാപ്സാക്കുന്നു

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറികിട്ടിയത് ഉൾപ്പടെയുള്ള പഞ്ചായത്തിന്റെ അസ്തികളുടെ പരിപാലനം തൃപ്തികരമല്ല. റോഡിതര ആസ്തികളുടെ സംരക്ഷണത്തിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി ലഭിക്കുന്ന മെയിന്റനൻസ് ഫണ്ടിന്റെ സിംഹഭാഗവും വിനിയോഗിക്കാതെ ലാപ്സാക്കുകയാണ് പഞ്ചായത്ത് ചെയ്യുന്നത്. 2014-15 മുതൽ 2017-18 വരെ കാലയളവിലെ റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2014-15 | 3617554 | 788991 | 21.81 |
| 2015-16 | 5459563 | 2357259 | 43.18 |
| 2016-17 | 3615786 | 1676614 | 46.37 |
| 2017-18 | 4211991 | 1229307 | 29.19 |

13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം മെയിന്റനൻസ് ഫണ്ടും, വകയിരുത്തുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തുന്നതിനും, സേവനം മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ചുചേർത്ത് പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ പഞ്ചായത്തിൽ കാലാകലങ്ങളായി ഇപ്രകാരമൊരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നില്ല. അങ്കണവാടികൾ ഉൾപ്പടെ പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ലാത്ത അവസ്ഥയിലാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഇത്തരമൊരു വീഴ്ച. തുടർന്നുള്ള വാർഷിക പദ്ധതികളിൽ ആസ്ത സംരക്ഷണത്തിനായി പ്രത്യേകം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ഒ.ഡി.എഫ്. - റീംബേഴ്സ് ചെയ്ത് കിട്ടിയ തുകയുടെ വിനിയോഗ വിവരം സൂക്ഷിച്ചിട്ടില്ല

വെളിയിട വിസർജ്ജന വിമുക്ത പദ്ധതിയ്ക്കായി (ODF) വികസന ഫണ്ടിൽനിന്നും പഞ്ചായത്ത് ചെലവഴിച്ച 3232200 ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്.

28.12.2016-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി ശുചിത്വമിഷൻ റീഇംബേഴ്സ് ചെയ്ത് തരുന്ന ഫണ്ട് എപ്രകാരം ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ഏത് വിഭാഗം ഫണ്ടാണോ ശുചിത്വ മിഷന് നൽകിയത് ആ വിഭാഗം ഫണ്ടായി കണക്കാക്കി ചെലവഴിക്കണം. ഏത് പ്രോജക്ടിന് വകയിരുത്തിയ ഫണ്ടോണോ ശുചിത്വ മിഷന് നൽകിയത് റീംബേഴ്സ് ചെയ്ത് കിട്ടിയ തുക അതേ പ്രോജക്ടിന് ചെലവഴിക്കണം. അത്തരം പ്രോജക്ടുകൾ ആവശ്യമില്ലെങ്കിൽ അനിവാര്യ പ്രോജക്ടുകൾ എടുത്തതിനുശേഷം ശുചിത്വ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഉപയോഗിക്കണം. റീംബേഴ്സ് ചെയ്ത് കിട്ടിയ തുകയും, ആ തുക ഉപയോഗിച്ച് എടുത്ത പ്രോജക്ടുകളും അതിന്റെ ചെലവും സംബന്ധിച്ച വിവരങ്ങളും പ്രത്യേകമായി സൂക്ഷിക്കണം. എന്നാൽ റീംബേഴ്സ് ചെയ്ത് ലഭിച്ച തുക ഉപയോഗിച്ച് എടുത്ത പ്രോജക്ടുകളും അതിന്റെ ചെലവും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ

സൂക്ഷിച്ചിട്ടില്ല. ടി തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ വാർഷിക പദ്ധതി ചെലവുകൾക്കല്ലാതെ മറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ODF ഫണ്ട് വിനിയോഗിച്ചിട്ടുള്ളതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-10 68.43 ലക്ഷം രൂപ അടങ്കലുള്ള 38 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് മുതലായ ഏജൻസികൾ മുഖാന്തിരം ഏറ്റെടുത്ത 68.43 രൂപ അടങ്കലുള്ള 38 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. തുക അടവാക്കിയതല്ലാതെ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തോ, നിർവ്വഹണ ഏജൻസികളോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ വർഷം | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| | | **കേരള വാട്ടർ അതോറിറ്റി** | |
| 1. | 64/12 | കാവുമുക്ക് പുലിപ്പാറത്തടം സെറ്റിൽമെന്റ് കോളനി മിനി വാട്ടർ സപ്ലൈസ്കീം | 500000 |
| 2. | 161/13 | -ടി- | 300000 |
| 3. | 152/14 | -ടി- | 400000 |
| 4. | 102/12 | ചിരട്ടോലിൽ ഐ.എച്ച്.ഡി.പി. കോളനി മിനിവാട്ടർ സപ്ലൈ സ്കീം | 390000 |
| 5. | 101/12 | മുണ്ടപ്ലാക്കൽ ഭാഗം മിനിവാട്ടർ സപ്ലൈ സ്കീം | 345000 |
| 6. | 64/13 | പ്ലാങ്കമൺ ഹെൽത്ത് സബ്സെന്റർ കുടിവെള്ള സംവിധാനം ഏർപ്പെടുത്തൽ | 65000 |
| 7. | 182/13 | 70-ാം നമ്പർ അങ്കണവാടിയിലേക്ക് കുടിവെള്ള സംവിധാനം ഒരുക്കൽ | 100000 |
| 8. | 191/13 | ചക്കിട്ടതറയിൽ തടത്തിൽ തറയിൽ പൈപ്പലൈൻ എക്സ്റ്റൻഷൻ | 65000 |
| 9. | 98/14 | ചാക്കമാർ കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 50000 |
| 10. | 132/14 | 59-ാം നമ്പർ അങ്കണവാടിയിലേക്ക് കുടിവെള്ള സംവിധാനം ഒരുക്കൽ | 135000 |
| 11. | 133/14 | 63-ാം നമ്പർ അങ്കണവാടിയിലേക്ക് കുടിവെള്ള സംവിധാനം ഒരുക്കൽ | 65000 |
| 12. | 169/14 | കാവുംപുറത്ത് തെക്കേക്കര കോളനി പൈപ്പലൈൻ എക്സ്റ്റൻഷൻ | 303000 |
| 13. | 183/13 | 62-ാം നമ്പർ അങ്കണവാടിയിലേക്ക് കുടിവെള്ള സംവിധാനം ഒരുക്കൽ | 65000 |
| 14. | 24/15 | കൊല്ലരേത്ത് പ്ലാച്ചേരിഭാഗം | 110000 |

| | | | |
|---|---|---|---|
| | | കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | |
| 15. | 127/16 | പട്ടിക ജാതി കോളനികളിലേക്ക് പൈപ്പ്ലൈൻ എക്സ്റ്റൻഷനും ഹൗസ് കണക്ഷൻ ഏർപ്പെടുത്തലും | 538000 |
| 16. | 99/17 | കാവുമുക്ക് കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷനും, വാട്ടർ കണക്ഷനും | 300000 |
| 17. | 210/18 | കടയാർ സെറ്റിൽമെന്റ് കോളനി എസ്.സി. കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും ഹൗസ് കണക്ഷനും | 720000 |
| 18. | 117/18 | കൊറ്റത്തൂർ സബ്സെന്റർ പ്ലംബിംഗ് ജോലികൾ | 60000 |
| 19. | 217/18 | 14-ാം വാർഡിൽ മുണ്ടപ്ലാക്കൽ ചിരട്ടോലിൽ ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 90000 |
| 20. | 66/18 | മുളവേലിക്കുഴി ചിരട്ടോലിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും | 350000 |
| 21. | 204/18 | ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്കുസ്ഥാപിക്കാൻ വേണ്ടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 207471 |
| | | **കേരള ഇലക്ട്രിസിറ്റി ബോർഡ്** | |
| 22. | 6/12 | കണിപ്പറമ്പിൽപ്പടി- പന്നിമലപ്പുറത്ത്പടി സ്ട്രീറ്റ് ലൈൻ | 68060 |
| 23. | 96/14 | 15-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 38300 |
| 24. | 97/14 | 16-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 42910 |
| 25. | 186/13 | തെരുവ് വളിക്കുകൾക്ക് മീറ്ററിംഗ് | 391583 |
| 26. | 151/15 | ശ്രാമഠത്തിൽപടി മുതൽ കാമ്പുപാറ വരെ ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 43873 |
| 27. | 197/15 | 7-ാം വാർഡിൽ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് | 14235 |

| | | | |
|---|---|---|---|
| 28. | 8/16 | പ്ലാങ്കമൺ പേരൂർച്ചാൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 47150 |
| 29. | 9/16 | മുക്കുഴിപൂവൻമല റോഡിൽ വാസുപടി മുതൽ മുക്കുഴി വരെ സ്ട്രീറ്റ് മെയിൻവലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 50000 |
| 30. | 112/16 | പ്ലാച്ചേരി പന്നിക്കുന്നിൽ റോഡിൽ പ്ലാച്ചേരി ഐ.പി.സി.പടി മുതൽ കോളകോട്ട്പടി വരെ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ടീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 50000 |
| 31. | 124/18 | വാർഡ് 16-ലെ വിവിധ ഭാഗങ്ങളിലും, വാർഡ് 14-ലെ കണ്ണങ്കരേത്ത് മുണ്ടപ്ലാക്കൽ ഭാഗത്തും സ്ട്രീറ്റ് ലൈൻ | 287400 |
| 32. | 127/18 | വാർഡ് 1, 4-ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 29658 |
| 33. | 190/18 | 16-ാം വാർഡിലെ തടത്തേമുക്ക് വട്ടപ്പാറ റോഡിലും പുത്തേഴം സൊസൈറ്റിപ്പടിയിലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42000 |
| 34. | 74/18 | മുളവേലിക്കുഴി ചിരട്ടോലിൽ കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 16800 |
| | | **പി.ഡബ്ല്യൂ.ഡി.** | |
| 35. | 146/16 | വെറ്ററിനറി ഹോസ്പിറ്റൽ ഇലക്ട്രിഫിക്കേഷൻ | 127125 |
| | | **കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി** | |
| 36. | 129/14 | ഇടമ്പറമ്പിൽ നിലനേരത്ത് മിനിവാട്ടർ സപ്ലൈസ്കീമിനുള്ള കുഴൽകിണർ നിർമ്മാണം | 30974 |
| 37. | 163/14 | കൊക്കാവള്ളി കോളനി കുഴൽകിണർ നിർമ്മാണം & മിനിവാട്ടർ സപ്ലൈസ്കീം | 34230 |
| 38. | 198/15 | -ടി- | 370000 |
| | | ആകെ | 6842769 |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നല്കിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതിനും, ഏജൻസികളിൽ ചെലവാകാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിനും സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-11 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഡിജിറ്റിലൈസ് ചെയ്ത് തയ്യാറാക്കിയിട്ടുള്ള ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്. 2005-06 വർഷം തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പിന്നീട് കാലികമാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ

അടിസ്ഥാനത്തിലാണ്. പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാക്കുന്നതിനും ആസ്തികളുടെ പൂർണ്ണ വിവരം ആവശ്യമാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിലെ അസി.എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതും, ഭരണ സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതിനും, കാലികമാക്കി സൂക്ഷിക്കുന്നതിനും അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല

പ്രോജക്ടുകളുടെ മോണിറ്ററിംഗ് ചുമതല ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിനാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗിന്റെ ഭാഗമായി പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന നിർവ്വഹണ ഏജൻസിയുടെ/കരാറുകാരന്റെ പേരും ഫോൺ നമ്പരും, എഞ്ചിനീയറുടെ പേരും ഫോൺ നമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കുറ്റമറ്റതാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 നെൽകൃഷി വികസനത്തിന് പദ്ധതികൾ നടപ്പാക്കുന്നില്ല

2017-18 സാമ്പത്തിക വർഷം നെൽകൃഷി വികസനത്തിനായി പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ പഞ്ചായത്ത് പൂർണ്ണമായും പരാജയപ്പെട്ടു. കൃഷിയോഗ്യമായ 40 ഹെക്ടർ പാടശേഖരമുള്ളതിൽ കേവലം 4.8 ഹെക്ടറിൽ മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. കൃഷി യോഗ്യമായ ഭൂമി പഞ്ചായത്തിൽ ലഭ്യമാണെന്നിരിക്കെ പദ്ധതി ആസൂത്രണം ചെയ്ത് ഉൽപ്പാദനവർദ്ധനവ് സാദ്ധ്യമാക്കുന്ന നടപടികൾ സ്വീകരിക്കാതിരുന്നത് ന്യായീകരിക്കാനാവില്ല. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി യാതൊരുവിധ പദ്ധതികളും ഓഡിറ്റ് വർഷം ഏറ്റെടുത്തിട്ടില്ല. കർഷകർക്ക് പ്രയോജനപ്പെടുത്താവുന്ന ലക്ഷങ്ങൾ വില വരുന്ന മെതിയന്ത്രവും കൊയ്ത്തു യന്ത്രവും 2009-10-ൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. പാടശേഖരസമിതി സെക്രട്ടറിക്ക് കൈമാറിയ കൊയ്ത്തുമെതിയന്ത്രം നിലവിൽ ഉപയോഗശൂന്യമാണ്. മെതിയന്ത്രത്തെപ്പറ്റിയുള്ള വിവരം കൃഷിഭവനിൽ ലഭ്യമല്ല.

പദ്ധതി ആസൂത്രണ പ്രക്രീയയിലും നിർവ്വഹണത്തിലുമുള്ള പാളിച്ചയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വിവിധ വിഷയ മേഖലകളെ സംബന്ധിച്ച് സ്റ്റാറ്റസ് സ്റ്റഡി നടത്തി ആ മേഖല അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെ മനസിലാക്കി ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വരും വർഷങ്ങളിലെങ്കിലും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-14 കൈമാറികിട്ടിയ ഏക ആരോഗ്യ സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഏക ആരോഗ്യ സ്ഥാപനമാണ് അയിരൂർ ഗവ.ഹോമിയോ ഡിസ്പെൻസറി. ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളായ ഗവ.സി.എച്ച്.സി. ബ്ലോക്ക് പഞ്ചായത്തിന്റെയും ഗവ.ആയുർവ്വേദാശുപത്രി ജില്ലാ പഞ്ചായത്തിന്റെയും കീഴിലാണ്. ഹോമിയോപ്പതി വകുപ്പിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയുള്ള ചുരുക്കം ഡിസ്പെൻസറികളിൽ ഒന്നാണെങ്കിലും സ്ഥാപനത്തിന്റെ നിലവിലെ അവസ്ഥ പരിതാപകരമാണ്.

(1) <u>അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത</u>

27വർഷങ്ങളായി വാടക കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പൊതു ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമുള്ള പഞ്ചായത്ത്, വകുപ്പ് തല, ആയുഷ് മിഷൻ ഫണ്ടുകൾ പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. വാടക കെട്ടിടത്തിലെ ഹാൾ കർട്ടൺ ഉപയോഗിച്ച് രണ്ടായി തിരിച്ച് മുറിയുടെ ഒരു ഭാഗം രോഗികളെ പരിശോധിക്കുന്നതിനും മറ്റേ ഭാഗം മരുന്നുകൾ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഉപയോഗിക്കുന്നു. ആവശ്യമായ ശുചിമുറികൾ, മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം, ഫാർമസി എന്നീ സൗകര്യങ്ങളും നിലവിലില്ല. വർഷങ്ങളായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ആത്മാർത്ഥമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി വാങ്ങുന്നതിന് 2017-18-ൽ ആവിഷ്ക്കരിച്ച പദ്ധതി (S0099/18) നടപ്പിലാവാത്തതിനെ തുടർന്ന് 2018-19-ലേക്ക് സ്പിൽ ഓവർ ആക്കിയിട്ടുണ്ട് (S0188/19). എന്നാൽ നാളിതുവരെയായിട്ടും അനുയോജ്യമായ ഭൂമി കണ്ടെത്താൻ പോലും സാധിച്ചിട്ടില്ല. സ്ഥാപനത്തിന്റെ ഭാവി വികസനപ്രവർത്തനങ്ങൾ കൂടി മുൻകൂട്ടി കണ്ടുകൊണ്ട് മതിയായ അളവിലുള്ള അനുയോജ്യമായ ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. ഭൂമി ലഭ്യമായാൽ കെട്ടിടനിർമ്മാണമുൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾക്ക് നാഷണൽ ആയുഷ് മിഷനിൽ നിന്നും ഫണ്ട് ലഭിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. വളരെ പരിതാപകരമായ അവസ്ഥയിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിയുടെ സമഗ്ര വികസനത്തിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തി നിന്നും സ്വീകരിക്കേണ്ടതാണ്.

(2) <u>മരുന്നു വാങ്ങലിനാവശ്യമായ ഫണ്ട് ലഭിക്കുന്നില്ല</u>

ആശുപത്രിയിലെത്തുന്ന എല്ലാ രോഗികൾക്കും മികച്ച ചികിത്സ ഉറപ്പു നല്കുന്നതിന് ആവശ്യമായ അളവിൽ മരുന്നുകൾ വാങ്ങി സൂക്ഷിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ആയതിന് സാധിക്കുന്നില്ലായെന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റിനെ അറിയിച്ചു. വകുപ്പ് തലത്തിൽ മരുന്നു വിതരണം ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചു നൽകുന്ന ഫണ്ട് മാത്രം ആശ്രയിച്ചാണ് മരുന്നുകൾ വാങ്ങുന്നത്. അവശ്യ മരുന്നുകൾ നിശ്ചിത അളവിൽ എല്ലായ്പ്പോഴും സൂക്ഷിക്കേണ്ടതായിട്ടുമുണ്ട്. എന്നാൽ 2107-18-ൽ മരുന്നുകൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും ആകെ അനുവദിച്ചത് 1

ലക്ഷം രൂപ മാത്രമാണ്. പ്രളയം മൂലം ആശുപത്രിയിൽ സ്റ്റോക്കുണ്ടായിരുന്ന 2.50 ലക്ഷം രൂപയുടെ മരുന്നുകൾ നഷ്ടപ്പെട്ട സാഹചര്യമായിട്ടും 2018-19-ലും 1 ലക്ഷം രൂപ മാത്രമാണ് മരുന്നു വാങ്ങലിനായി അനുവദിച്ചിട്ടുള്ളത്. സർക്കാർ ആരോഗ്യസ്ഥാപനത്തെ കൂടുതലായി ആശ്രയിക്കുന്നത് പാവപ്പെട്ട രോഗികൾ ആയതിനാൽ അവർക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ആശുപത്രിയിൽ ആവശ്യമായ അളവിൽ മരുന്നുകൾ സ്റ്റോക്കുണ്ടെന്നുറപ്പു വരുത്തുന്നതിനും മരുന്നുകൾ വാങ്ങുന്നതിനാവശ്യമായ ഫണ്ട് യഥാസമയം അനുവദിച്ചു നൽകുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

(3) ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിലവിലെ ഭരണസമിതി അധികാരമേറ്റതിനു ശേഷം ആശുപത്രി മാനേജിംഗ് കമ്മിറ്റി (എച്ച്.എം.സി.) രൂപീകരിച്ചിട്ടില്ല. ഓരോ ഗ്രാമപഞ്ചായത്തും പ്രസ്തുത പഞ്ചായത്തിന് സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മതിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർ പേഴ്സൺ, വൈസ് ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി, എന്നിവർ ഉൾപ്പെടെ 15അംഗങ്ങളിൽ കവിയാത്ത ഒരു ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് 2010-ലെ കേരള പഞ്ചായത്ത് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 3-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 5-ൽ, ഒരിയ്ക്കൽ രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുതാണെന്നും പരാമർശിച്ചിട്ടുണ്ട്. നിലവിലെ ഭരണസമിതി അധികാരമേറ്റ് 3വർഷം കഴിഞ്ഞിട്ടും എച്ച്.എം.സി. രൂപീകരിച്ചിട്ടില്ലായെന്നത് ഗുരുതരമായ വീഴ്ച്ചയാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു എച്.എം.സി.യുടെ അഭാവമാണ് ഹോമിയോ ആശുപത്രിയുടെ നിലവിലെ പരിതാപകരമായ അവസ്ഥയ്ക്ക് ഒരു കാരണമായി ഓഡിറ്റ് വിലയിരുത്തുന്നത്. എച്ച്.എം.സി. രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ പഞ്ചായത്ത് ഭരണസമിതിയും മെഡിക്കൽ ഓഫീസറും സ്വീകരിക്കേണ്ടതാണ്.

## 3-15 പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം. | S0009/18 | | |
| വകയിരുത്തിയ തുക | വികസന ഫണ്ട് | 500000 | 800000 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 | |
| ചെലവഴിച്ച തുക | ബിൽ നം.01/18 തീ: 11.01.18 | 160750 | 800000 |
| | ബിൽ നം.03/18 തീ:28.03.18 | 249650 | |
| | ബിൽ നം.04/18 തീ:31.03.18 | 89600 | |
| | ചെക്ക് നം.3806165 തീ:04.03.18 | 200000 | |
| | ചെക്ക് നം.3806165 തീ:29.03.18 | 100000 | |

2017-18 വർഷം മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പാലിയേറ്റീവ് പദ്ധതിയ്ക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പാലിയേറ്റീവ് കെയർ പദ്ധതിയിയ്ക്ക് മരുന്നു വാങ്ങുന്നതിനായി 2017-18സാമ്പത്തികവർഷം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ 297150 രൂപ മുൻകൂർ അടച്ചിട്ടുണ്ടെങ്കിലും നാളിതുവരെ 150856 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 146294 രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. പണം ഒടുക്കിയതിന്റെയും മരുന്നുകൾ ലഭിച്ചതിന്റയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുൻകൂർ തുക ഒടുക്കിയതിന്റെ വിവരങ്ങൾ | | മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ | |
|---|---|---|---|
| ബിൽ / ചെക്ക് നം. & തീയതി | തുക | ഇൻവോയ്സ് നം. & തീയതി | തുക |
| 03/18 തീ. 28.03.18 | 249650 | 11434/29.10.18 | 45843 |
| 3806165 തീ. 29.03.18 | 47500 | 11567/30.10.18 | 6799 |
| | | 12019/05.11.18 | 17775 |

| | | | |
|---|---|---|---|
| | | 12439/04.11.18 | 47854 |
| | | 13290/24.11.18 | 1408 |
| | | 1547/14.11.18 | 21418 |
| | | 14241/13.12.18 | 9759 |
| ആകെ | 297150 | | 150856 |

ബാക്കിയുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) <u>വാഹന വാടകയിനത്തിൽ അധിക തുക നൽകി</u>

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാഹനം ദിവസവാടകയ്ക്ക് എടുക്കുമ്പോൾ നൽകാവുന്ന പരമാവധി ദിവസ വാടക (രാവിലെ ഹോം കെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെയുള്ള ഒരു ദിവസത്തേക്ക്) താഴെപ്പറയും പ്രകാരമാണ്.

| ഓടുന്ന ദൂരം (Up and down) | 15-24 കി.മീ. | 25-34 കി.മീ. | 35-44 കി.മീ. | 45-കി.മീ. ൽ കൂടുതൽ |
|---|---|---|---|---|
| പരവാവധി തുക | 800 | 900 | 1000 | 1100 രൂപ |

വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ യാത്ര ആരംഭിച്ച സ്ഥലം, സമയം, വാഹനത്തിന്റെ ഓഡോമീറ്റർ റീഡിംഗ്, യാത്ര അവസാനിച്ച സ്ഥലം, സമയം ഓഡോമീറ്റർ റീഡിംഗ് എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഗതാഗത വകുപ്പ് അംഗീകരിച്ച നിരക്ക്, വെയ്റ്റിംഗ് ചാർജ്ജ് എന്നിവ പ്രകാരം വാടക കണക്ക്കൂട്ടി പരമാവധി ദിവസവാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായാണ് വാടക അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാടകയ്ക്കെടുത്ത വാഹനത്തിന് ഓടുന്ന ദൂരം പരിഗണിക്കാതെ 1200 രൂപ വീതമാണ് സ്ഥിരമായി ദിവസവാടക നൽകിയിരിക്കുന്നത്. പരമാവധി വാടകയായ 1100 രൂപയ്ക്കു പുറമെ വെയ്റ്റിംഗ് ചാർജ്ജെന്ന പേരിൽ 100രൂപയും കൂടി നൽകിയിട്ടുണ്ട്. വെയിറ്റിംഗ് ചാർജ്ജുൾപ്പെടെ നൽകാവുന്ന പരമാവധി വാടക 1100 രൂപയാണെന്നിരിക്കെ അധികമായി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.15/24.02.18) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീ.ജോൺസൺ വർഗ്ഗീസ് എന്നയാളുടെ എന്ന വാഹനമാണ് സ്ഥിരമായി വാടകയ്ക്ക് എടുത്തിരിക്കുന്നത്. വാഹന വാടകയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | വാഹന വാടകയിനത്തിൽ ആകെ നൽകിയ തുക | ചട്ടപ്രകാരം നൽകാവുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|
| 01/18 തീ: 11.01.18 | 77400<br>((64x1200)+600) | 71000<br>((64x1100)+600) | 6400 |
| 04/18 തീ:31.03.18 | 57600<br>(48x1200) | 52800<br>(48x1100) | 4800 |
| 3806165 തീ:04.03.18 | 104000<br>((85x1200)+2000) | 95500<br>((85x1100)+2000) | 8500 |
| **ആകെ** | **239000** | **219300** | **19700** |

വാഹന വാടകയിനത്തിൽ അധികമായി ചെലവഴിച്ച 19700 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. അധികമായി തുക ചെലവഴിച്ചത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം നിരാകരിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ ഈടാക്കുന്നതിന് സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(3) <u>വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല</u>

പാലിയേറ്റിവ് കെയർ പദ്ധതിയുടെ വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. ജോൺസൺ വർഗ്ഗീസ് എന്നയാളുടെ എന്ന വാഹനമാണ് സ്ഥിരമായിവാടകയ്ക്ക് എടുത്തിരിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു. എന്നാൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാഹനം ദിവസ വാടകയ്ക്ക് എടുക്കുമ്പോൾ പാലിക്കേണ്ടതായ വ്യവസ്ഥകൾ 29.10.15-ലെ സ.ഉ.(സാധാ.)നം.3217/2015/ത.സ്വ.ഭ.വ. ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച്, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പി.എം.സി. അംഗീകരിക്കേണ്ടതാണ്. ഒരിയ്ക്കൽ ക്ഷണിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസമായിരിക്കും. കാലാവധി അവസാനിക്കും മുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി-യുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്. വാഹന വാടകയിനത്തിൽ 2017-18സാമ്പത്തിക വർഷം 239000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം., തീയതി | വാഹന വാടകയിനത്തിൽ ആകെ നൽകിയ തുക |
|---|---|
| 01/18 തീ. 11.01.18 | 77400<br>((64x1200)+600) |
| 04/18 തീ. 31.03.18 | 57600<br>(48x1200) |

| | |
|---|---|
| 3806165 തീ. 04.03.18 | 104000<br>((85x1200)+2000) |
| **ആകെ** | **239000** |

മോട്ടോർ വാഹന വകുപ്പിൻ്റെ വെബ്സൈറ്റിലെ വിവരങ്ങൾ പ്രകാരം ടി വാഹനം ജോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള റോയൽ എൻഫീൽഡ് മോട്ടോർ സൈക്കിളാണ്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/25.01.19), വാഹനത്തിൻ്റെ നമ്പർ രേഖപ്പെടുത്തിയപ്പോൾ ഒരക്കം തെറ്റായി രേഖപ്പെടുത്തിയപ്പോയതാണെന്നും ശരിയായ നമ്പർ KL-3C-4737 ആണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിലെ മുഴുവൻ വൗച്ചറുകളിലും ട്രിപ്പ് ഷീറ്റുകളിലും വാഹന ഉടമസ്ഥൻ തൻ്റെ വണ്ടി നമ്പർ അബദ്ധത്തിൽ തെറ്റായി രേഖപ്പെടുത്തി എന്ന് മറുപടി വിശ്വസനീയമല്ല. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാഹനം വാടകയ്ക്ക് എടുത്തതിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സംശയിക്കത്തക്ക സാഹചര്യമാണുള്ളത്. വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ സമഗ്രമായ അന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൻ്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാടകയിനത്തിൽ ആകെ ചെലവഴിച്ച 239000 രൂപയിൽ നിന്നും ഖണ്ഡിക 3-15(2) പ്രകാരം നിരാകരിച്ച 19700 രൂപ കഴിച്ച് ബാക്കിയുള്ള 219300 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. വിഷയം പാലിയേറ്റീവ് കെയർ മാനേജ്മെൻ്റ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-16 സംയുക്ത പദ്ധതിയ്ക്കായി 2016-17-ൽ അനുവദിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു

2016-17–ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സംയുക്ത പദ്ധതിയായ സാന്ത്വന ചികിത്സാ പരിപാടിയ്ക്ക് (പ്രോ.നം.12/16-17) വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തതിനെ തുടർന്ന് പദ്ധതി സ്പിൽ ഓവർ ആക്കിയിരുന്നു (പ്രോ.നം.77/17-18). വികസന ഫണ്ട് 46626, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000, ജില്ലാ പഞ്ചായത്ത് വിഹിതം 74760 എന്നിങ്ങനെയായിരുന്നു സ്പിൽഓവർ പദ്ധതിയ്ക്കുള്ള ധനലഭ്യത. എന്നാൽ സ്പിൽഓവർ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2016-17-ൽ ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിച്ചതിൽ ചെലവഴിക്കാതെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന 74760 രൂപയായിരുന്നു ജില്ലാ പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിരുന്നത്. പദ്ധതി നടപ്പാക്കാത്തതിനാൽ ടി തുക സംയുക്ത പദ്ധതികൾക്കായുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ബാക്കി നിൽപ്പുണ്ട്. സംയുക്ത പദ്ധതികൾക്ക് തുക പിൻവലിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം [G.O.(P)No.07/2017/Fin., dtd. 23.01.2017], സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കുകയില്ലായെന്ന് തോന്നുന്ന പക്ഷം അധികമായുള്ള തുകകൾ ഫെബ്രുവരി 28-നു മുമ്പ് തുക അനുവദിച്ച സ്ഥാപനത്തിലേക്ക് മടക്കി നൽകേണ്ടതാണ്. അതുവഴി ടി തുകകൾ ചെലവഴിക്കാൻ സ്ഥാപനത്തിന് അവസരം ലഭിക്കുന്നതാണ്. മാർച്ച് 31-ന് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയിൽ പണമാക്കാത്ത ചെക്കുകൾക്കുള്ള തുക കഴിച്ച് ബാക്കി തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സംയുക്ത പദ്ധതികൾക്കായുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന 74760 രൂപ ജില്ലാ പഞ്ചായത്തിന് മടക്കി നൽകുന്നതിനോ സർക്കാരിലേക്ക് സറണ്ടർ ചെയ്യുന്നതിനോ ഉള്ള അടിയന്തിര നടപടികൾ പഞ്ചായത്ത് സ്വികരിക്കേണ്ടതാണ്.

## 3-17 കുടുംബശ്രീക്ക് ലഭിച്ച കാർഷികയന്ത്രോപകരണങ്ങൾ ഉപയോഗശൂന്യം

കുടുംബശ്രീയുടെ കീഴിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാർഷിക സഹായകേന്ദ്രത്തിലേക്ക് ജില്ലാമിഷനിൽ നിന്നും 2013-14 വർഷം അനുവദിച്ച യന്ത്രോപകരണങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഉപകരണങ്ങളാണ് ലഭിച്ചിരുന്നത്.

1. കാംകോ ഗാർഡൻ ടില്ലർ - 1

2. ഹാൻഡ് കൾട്ടിവേറ്റർ - 1

3. അരിവാൾ - 3

ഈ ഉപകരണങ്ങൾ വാടകയ്ക്ക് നൽകുകയോ ഉപയോഗിക്കുകയോ ചെയ്യിട്ടില്ല. ഇവ നിലവിൽ ഉപയോഗശൂന്യമായ നിലയിൽ സി.ഡി.എസ്. ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് ഉപയാഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 വി.ഇ.ഒ-യുടെ പേരിലുള്ള അക്കൗണ്ടിൽ 43651 രൂപ നിഷ്ക്രിയമായി കിടക്കുന്നു

ടോട്ടൽ സാനിട്ടേഷൻ കാമ്പയിന് വേണ്ടി ലഭിച്ച തുകയിൽ ബാക്കിയുള്ള 43651 രൂപ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ അയിരൂർ എസ്.ബി.ഐ-ലുള്ള 57054050659 നമ്പർ അക്കൗണ്ടിൽ നിഷ്ക്രിയമായിക്കിടക്കുന്നു. ആയത് സംബന്ധിച്ച് മുൻറിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടും ടി തുക ചെലവഴിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തുന്നതിനോ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ടി തുക ശുചിത്വപദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-19 ആശ്രയ അക്കൗണ്ടിൽ 23.45 ലക്ഷം രൂപ നിഷ്ക്രീയമായി കിടക്കുന്നു

ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി ഗുണഭോക്താക്കൾക്ക് 2018 മാർച്ച് മാസത്തിന് ശേഷം ഭക്ഷണമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 2 പദ്ധതികളാണ് നിലവിലുള്ളത്. 1-ാം ഘട്ട പദ്ധതിയിൽ 64 പേരുള്ളതിൽ റീവിസിറ്റിന് ശേഷം 26 ആയി കുറഞ്ഞിട്ടുണ്ട്. 2-ാം ഘട്ട പദ്ധതിയിൽ 109 ഗുണഭോക്താക്കളും ഉണ്ട്. പദ്ധതിക്കായി ലഭിച്ച തുകയിൽ നിലവിൽ 2345887 രൂപ അവശേഷിക്കുന്നുണ്ട്. അഗതിരഹിതകേരളം പദ്ധതിക്കായി സമർപ്പിച്ച പ്രോജക്ടിന് അനുമതി ലഭിക്കാത്തതിനാലാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യാതിരുന്നതെന്നാണ് പഞ്ചായത്തിൻ്റെ വിശദീകരണം.

അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിൻ്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ

ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന രീതിയലല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ സി.ഡി.എസ്-ന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു. ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 നിർവ്വഹണഉദ്യോഗസ്ഥർ TR-7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16-ൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും TR-7A മാതൃകയിൽ സൂക്ഷിക്കണമെന്നും എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള പണം വരവും പണം ചെലവും രേഖപ്പെടുത്തേണ്ടതുമാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും ഈ നിർദ്ദേശം പാലിക്കുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-21 കേരളോത്സവം 2017 – മുൻകൂർ തുക ക്രമീകരിച്ചില്ല

2017 കേരളോത്സവം നടത്തിപ്പിന്റെ ചെലവിലേക്കായി 28.09.17-ലെ 534897 നമ്പർ ചെക്ക് പ്രകാരം 15000 രൂപ മുൻകൂറായി പിൻവലിച്ചിട്ടുണ്ട്. സെൽഫ് ചെക്ക് എഴുതി പണമായാണ് തുക പിൻവലിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുക തുകയുടെ ചെലവ് വൗച്ചറുകൾ ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ചിട്ടില്ല. തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

## 3-22 പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന മറ്റിനം ഫണ്ടുകൾ

പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന മറ്റിനം ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>(1) പൈക്ക ഗ്രാന്റ് വിനിയോഗിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നത് 3.7ലക്ഷം രൂപ</u>

പഞ്ചായത്തിലെ കായിക മേഖലയിൽ സ്റ്റേഡിയങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര യുവജനകാര്യ മന്ത്രാലയം നടപ്പിലാക്കുന്ന പൈക്ക പദ്ധതിയ്ക്ക് 21.02.2015 വർഷം 370000 രൂപ ലഭിച്ചിരുന്നു. പൈക്ക ഗ്രാന്റിന്റെ മാർഗ്ഗരേഖ പ്രകാരം ഗ്രാന്റ് ലഭിച്ച് ഒരു മാസത്തിനകം പൈക്കയുടെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ച് 3 മാസത്തിനകം തുക വിനിയോഗിക്കേണ്ടിയിരുന്നു. എന്നാൽ തുക ലഭിച്ച് 4 വർഷത്തിനുശേഷവും തുക വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നു. പഞ്ചായത്ത് സ്റ്റേഡിയം ചുറ്റുമതിലിലെ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാതെ കിടക്കുന്ന അവസ്ഥയിലാണ് കായിക വികസനത്തിന് ലഭിച്ച ഫണ്ട് ചെലവഴിക്കാതിരിക്കുന്നത്. അടുത്ത വർഷം സ്റ്റേഡിയം മതിൽ നിർമ്മാണത്തിന് പ്രസ്തുത തുക ചെലവഴിക്കുന്നതാണെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു.

<u>(2) ജില്ലാപഞ്ചായത്തിൽനിന്നും തിരികെ ലഭിച്ച വിസന ഫണ്ട്</u>

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ മധുരം തേൻ പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തിൽനിന്നും നൽകിയ വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിച്ച 260000 രൂപ 02.04.2011-ൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുകയും ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ജനകീയാസൂത്രണ പദ്ധതിയിലെ ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി.)നം.177/06, തീ. 12.04.06) വികസന ഫണ്ട് തുക ചുരുങ്ങിയ കാലയളവിലേക്കാണെങ്കിൽ പോലും തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന് വ്യവസ്ഥയില്ല. തിരിച്ചടവ് വന്ന തുക ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതായിരുന്നു. ആയതിന് പകരം ആയത് തനത് ഫണ്ടിൽ സൂക്ഷിച്ച് വകമാറ്റി ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. ആയത് എത്രയും വേഗം സർക്കാരിന്റെ സഞ്ചിത നിധിയിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-23 ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചില്ല

ഖരമാലിന്യ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഒരോ പ്രദേശത്തേയും മാലിന്യ പ്രശ്നത്തിന് സാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. മുൻ വാർഷിക പദ്ധതികളിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് പഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്റ്റുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് വർഷവും (2017-18) ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് വിതരണം ചെയ്യുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 480000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും (പ്രോ.നം.195/18) പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി.

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജനവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)നം.2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ തുടർ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നാളിതുവരെ സൃഷ്ടിക്കാനായിട്ടില്ല. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽസ് കളക്ഷൻ സെന്ററുകൾ (MCF) സ്ഥാപിക്കുന്നതിനുള്ള നടപടി എങ്ങും എത്തിയിട്ടില്ല. ഇതിനായി പ്രോജക്റ്റ് നം. 193/18 പ്രകാരം 8.4 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രാദേശികമായ എതിർപ്പ് കാരണം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. സ്ഥിരം MCF-ന്റെ പ്രവർത്തനം ആരംഭിക്കുന്നതുവരെ വാർഡ് തലത്തിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തേക്കുംകൽ മൃഗാശുപത്രി കെട്ടിടത്തിൽ ശേഖരിച്ച് നീക്കംചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതായി ബന്ധപ്പെട്ടവർ ഓഡിറ്റിനെ അറിയിച്ചു.

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ ഏത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

### 3-24 ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്ത്തലത്തിലുള്ള ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമല്ല. ജാഗ്രതാസമിതി പ്രവർത്തനം കേവലം മീറ്റിംഗുകളിൽ മാത്രം ഒതുങ്ങുന്നു. ജാഗ്രതാസമിതി പ്രവർത്തനം സംബന്ധിച്ച് വിശദമായ മാർഗനിർദ്ദേശങ്ങൾ 23.06.2017-ലെ സ.ഉ.(എം.എസ്)നം.31/2007/സാ.ക്ഷേ.വ, ഉത്തരവ് പ്രകാരവും ഓരോ വർഷത്തെയും സബ്സിഡി മാർഗരേഖയിലും വിശദമായി പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും പരാതിപരിഹരത്തിനും, കൗൺസിലിംഗിനും, മാനസികാരോഗ്യത്തിന് സഹായകമായ വിധത്തിൽ സ്കൂളുകളിൽ ജെന്റർ ഡെസ്ക് സ്ഥാപിക്കാവുന്നതാണ്. തദ്ദേശഭരണസ്ഥാപനവും അവയുടെ എല്ലാ ഘടകസ്ഥാപനങ്ങളും സ്ത്രീ സൗഹൃതമാക്കുന്നതിനും പൊതുഇടങ്ങളിലെ സ്ത്രീസുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താവുന്നതുമാണ്. എന്നാൽ ഇത്തരത്തിലൊരു പ്രവർത്തനം ജാഗ്രതാസമിതിയുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് കെയർ പ്രോജക്ട് | 100000 | 0 |
| | 2017-18 | 120000 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് കെയർ പ്രോജക്ട് | 200000 | |
| | 2017-18 | 100000 | അങ്കണവാടി പോഷകാഹാരം | 56640 | 43360 |
| | 2017-18 | 800000 | കടയാർ സെറ്റിൽമെന്റ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും ഹൗസ് കണക്ഷനും | 715000 | 85000 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കടയാർ സെറ്റിൽമെന്റ് കോളനി എസ്.സി. കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും ഹൗസ് കണക്ഷനും (210/18) | 720000 | 0 | 720000 |
| | കൊറ്റത്തൂർ സബ്സെന്റർ പ്ലംബിംഗ് ജോലികൾ (117/18) | 60000 | 0 | 60000 |
| | 14-ാം വാർഡിൽ മുണ്ടപ്ലാക്കൽ ചിരട്ടോലിൽ ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (217/18) | 90000 | | 90000 |
| | മുളവേലിക്കുഴി ചിരട്ടോലിൽ കോളനി | 350000 | | 350000 |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും (66/18) | | | |
| കെ.എസ്.ഇ.ബി. | വാർഡ് 16-ലെ വിവിധ ഭാഗങ്ങളിലും, വാർഡ് 14-ലെ കണ്ണങ്കരേത്ത് മുണ്ടപ്ലാക്കൽ ഭാഗത്തും സ്ട്രീറ്റ് ലൈൻ (124/18) | 287400 | | 287400 |
| | വാർഡ് 1, 4-ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (127/18) | 29658 | | 29658 |
| | 16-ാം വാർഡിലെ തടത്തേമുക്ക് വട്ടപ്പാറ റോഡിലും പുത്തേഴം സൊസൈറ്റിപ്പടിയിലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (190/18) | 42000 | | 42000 |
| | ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്കുസ്ഥാപിക്കാൻ വേണ്ടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (204/18) | 207471 | | 207471 |
| | മുളവേലിക്കുഴി ചിരട്ടോലിൽ കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (74/18) | 16800 | | 16800 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ. (എം.എസ്.)നം.207/ 09, തീ. 07.11.2009 | 10047000 | 10047000 | 1004700 | - | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഡെപ്പോസിറ്റ് - പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് FD | 120927 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 5151 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കായ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം., തീയതി |
|---|---|---|---|---|
| 1998-99 | 3(എ.ബി.സി.) | 13 | സക്രട്ടറി | 117040101965/08.08.17 |
| 2012-13 | 2.2 | 2500 | ശ്രീ റ്റി.പ്രസാദ് | 117040103922/22.12.17 |
| 2012-13 | 3.7 | 2500 | എം.ഒ., ജി.എച്ച്.ഡി. | 117040104650/22.12.17 |
| 2012-13 | 2(a), 3 | 138 | ശ്രീ തോമസ് തമ്പി | 117040102047/31.03.18 |
| | ആകെ | 5151 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) [റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 55654525 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52816051 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33359 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3421638 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | 13659 | ശ്രീമതി രാജവല്ലി, അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(2) | 19700 | ഡോ.ജ്യോതീന്ദ്രൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| ആകെ | 33359 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 3187338 | ശ്രീമതി രാജവല്ലി, അസി.എഞ്ചിനീയർ |
| 3-15(3) | 219300 | ഡോ.ജ്യോതീന്ദ്രൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-21 | 15000 | ശ്രീ. ബി. സജികുമാർ, സെക്രട്ടറി |
| ആകെ | 3421638 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | ഇല്ല |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാജവല്ലി, അസി.എഞ്ചിനീയർ | അസി. എക്സി.എഞ്ചിനീയർ,<br>മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ് ജില്ല | നെല്ലികുന്നത്ത് വീട്,<br>കുറിച്ചിമുട്ടം പി.ഒ.,<br>പത്തനംതിട്ട |
| ഡോ.ജ്യോതീന്ദ്രൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | അസി. സർജൻ,<br>സി.എച്ച്.സി., കാഞ്ഞീറ്റുകര | ജ്യോതി ഭവനം, മീന്തലക്കര പി.ഒ.,<br>തിരുവല്ല – 689 105 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1994-95 &1995-96 | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | 5 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 30.09.00 | 2 |
| 1997-98(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-822/07 തീയതി 13.05.08 | 2 |
| 1997-98(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-275/99 തീയതി 13.03.00 | 7 |
| 1997-98(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-523/98 തീയതി 06.02.99 | 3 |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-823/07 തീയതി 13.05.08 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-179/00 തീയതി 13.04.00 | 12 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-883/01 തീയതി 15.11.02 | |
| 1999-00(ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി7-550(A)/09 തീയതി 04.12.09 | |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-23/06 തീയതി 12.05.06 | 5 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-88/04 തീയതി 03.01.04 | 3 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-704/06 തീയതി 07.02.07/10.05.07 | 15 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7-553/09 തീയതി 27.02.10/01.03.11 | 16 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7-554/09 തീയതി 27.02.10/01.03.11 | 15 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി7-555/09 തീയതി 27.02.10/03.03.11 | 8 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി7-556/09 തീയതി 27.02.10/13.08.11 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി7-557/09 തീയതി 27.02.10/03.03.11 | 10 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി8-1153/14 തീയതി 22.12.14 | 4 |
| 2013-14 &2014-15 | കെ.എസ്.എ പി.റ്റി.എ-പി8/876/15തീയതി 13-10-15/15-10-15 | 5 |
| 2015-16 | കെ.എസ്.എ പി.റ്റി.എ-പി8/1196/16തീയതി 05-11-16 | 3 |
| 2016-17 | കെ.എസ്.എ പി.റ്റി.എ-പി8/832/2017 തീയതി 17.07.17 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബീബ് മുഹമ്മദ്**

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം-1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.8/100/2019 തീയതി: 01.03.19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ അയിരൂർ **ഗ്രാമപഞ്ചായത്തിന്റെ** 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അയിരൂർ ഗ്രാമപഞ്ചായത്തിന്റെ** 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഹബീബ് മുഹമ്മദ്**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# Annexure-1
# AUDIT CERTIFICATE

No.K.S.A.PTA.P8-100/2019 Dated: 01/03/2019

Certified that I have Audited the Annual Financial Statement of **Ayiroor Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ayroor Grama Panchayat** for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

**Habeeb Mohammed**

**Deputy Director(H.G)**

**Kerala State Audit Department**

**Pathanamthitta**